VOL NO: 10 I ISSUE 24

# നേർപഥം

വാരിക

www.nerpatham.com
mail@nerpatham.com
2026 JUNE 13 I ₹10



# സ്വവർഗരതി ലിംഗസ്വത്വം: ഇസ്‌ലാമിക നിലപാട്

പാശ്ചാത്യനാടുകളിലെ
ഇക്കിളി വികാരങ്ങളുടെ
ഇട്ടാവട്ടത്തിൽ
മാത്രം ഒതുങ്ങി നിന്നിരുന്ന
ലിംഗസ്വത്വ ചർച്ചകൾ
ഭീമാകാരം
പൂണ്ട് ലോകമൊട്ടാകെ
‘പ്രൈഡ് മന്ത്’ ആചരിക്കുന്ന
തരത്തിലേക്ക് വളർന്നിരിക്കുന്നു.
വൈകല്യങ്ങളിൽ
അനുതപിക്കുന്നത്
മനസ്സിലാക്കാം, ആസ്വദിക്കുന്നതും
ആഘോഷിക്കുന്നതുമെങ്ങനെ?!

## നിലവിളക്ക് വിവാദം: ഒളിയജണ്ടകൾ തിരിച്ചറിയുക

## ‘ഗോദി മീഡിയ’ അഥവാ ഭരണകൂട നാവ്

## അന്ധമായ അനുകരണവും പ്രമാണനിഷേധവും

റൈഹാൻ ഷഹീദ് • ഡോ. ജസ്‌റത്ത് • ടി കെ അഷ്‌റഫ്




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

490
നേർപഥം വാരിക
2026 ജൂൺ 13
1447 ദുൽഹിജ്ജ 27
പുസ്തകം 10 / ലക്കം 24

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




കവർ സ്റ്റോറി




റൈഹാൻ ഷഹീദ്

പാശ്ചാത്യനാടുകളിലെ ഇക്കിളി വികാരങ്ങളുടെ ഇട്ടാവട്ടത്തിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ലിംഗസ്വത്വ ചർച്ചകൾ ഭീമാകാരം പൂണ്ട് ലോകമൊട്ടാകെ 'പ്രൈഡ് മന്ത്' ആചരിക്കുന്ന തരത്തിലേക്ക് വളർന്നിരിക്കുന്നു. വൈകല്യങ്ങളിൽ അനുതപിക്കുന്നത് മനസ്സിലാക്കാം, ആസ്വദിക്കുന്നതും ആഘോഷിക്കുന്നതുമെങ്ങനെ?!

**05** മുഖമൊഴി
'ഗോദി മീഡിയ'
അഥവാ ഭരണകൂട നാവ്

**06** ലേഖനം
അലിയ്യ് ബിൻ അബ്ബാസ്
അൽമജൂസി
ഡോ. ടി. കെ. യൂസുഫ്

**18** ലേഖനം
വീട് അനുഗൃഹീതമാകണോ?
അബ്ദു റഊഫ് അൽഹികമി

**20** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**22** ലേഖനം
അന്ധമായ അനുകരണവും
പ്രമാണനിഷേധവും
ശമീർ മദീനി

**26** നമുക്കുചുറ്റും
നിലവിളക്ക് വിവാദം:
ഒളിയജണ്ടകൾ തിരിച്ചറിയുക
ടി.കെ അശ്റഫ്

**29** ലേഖനം
പാപമോചനത്തിന്റെ വഴികളും
ആത്മീയ ശുദ്ധീകരണവും
മുഹ്സിൻ ചുങ്കത്തറ

**31** ആരോഗ്യപഥം
മഴക്കാലവും
കൊതുകുജന്യ രോഗങ്ങളും
ഡോ. ജസ്റത്ത്

**34** കാഴ്ച
അരങ്ങു വാഴുന്ന ക്രൂരതകൾ!
നസീമ വാടാനപ്പള്ളി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ലഹരിക്കെതിരെ 'തൂഫാൻ' കരുത്തുറ്റതാക്കണം: വിസ്ഡം സ്റ്റുഡന്റ്സ്

വേങ്ങര: സംസ്ഥാന സർക്കാരിന്റെ ലഹരി വിമുക്ത പദ്ധതിയായ 'തൂഫാൻ' മികച്ച തുടക്കമാണെന്നും ഇതിന്റെ തുടർപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്നും വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ ആവശ്യപ്പെട്ടു. തോട്ടശ്ശേരിയറയിൽ നടന്ന സി.ആർ.ഇ (തുടർ മത പഠന വിദ്യാഭ്യാസ പദ്ധതി) പുതിയ അധ്യയന വർഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിലാണ് സംഘടന ഈ ആവശ്യം ഉന്നയിച്ചത്.

ലഹരി നിർമാർജന പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കണമെന്ന് സംഗമം ആവശ്യപ്പെട്ടു. വിദ്യാർഥികൾ, അധ്യാപകർ, യുവജനങ്ങൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകൾ എന്നിവരെയെല്ലാം ഏകോപിപ്പിച്ച് വിപുലമായ കർമപദ്ധതികൾ ആവിഷ്കരിക്കണം. സമൂഹത്തിലെ നാനാതുറകളിലുള്ളവരെ പങ്കാളികളാക്കിയാൽ മാത്രമെ ലഹരിക്കെതിരായ പോരാട്ടം സുസ്ഥിരവും വിജയകരവുമാകൂ എന്ന് സംഗമം അഭിപ്രായപ്പെട്ടു.

ഹൈസ്കൂൾ മുതൽ ഡിഗ്രി വരെയുള്ള വിദ്യാർഥികൾക്കായുള്ള വ്യവസ്ഥാപിത മതപഠന പദ്ധതിയായ സി.ആർ.ഇയുടെ ഈ വർഷത്തെ ക്ലാസുകൾ സംസ്ഥാനത്തെ മണ്ഡലം കേന്ദ്രങ്ങളിൽ ആരംഭിച്ചു. തോട്ടശ്ശേരിയറയിൽ നടന്ന സമ്മേളനത്തിന്റെ ഉദ്ഘാടനം ടി.പി. അഷ്റഫ് അലി എം.എൽ.എ നിർവഹിച്ചു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് ടി. മുഹമ്മദ് ശമീൽ അധ്യക്ഷത വഹിച്ചു.

സംസ്ഥാന സെക്രട്ടറിമാരായ മുഹമ്മദ് ബിൻ അലവി, റിഷാദ് അൽഹികമി, ജസീം പെരിന്തൽമണ്ണ, സ്റ്റേറ്റ് സി.ആർ.ഇ വിംഗ് കൺവീനർ ഷിയാദ് ഹസൻ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജില്ലാ പ്രസിഡന്റ് ഹനീഫ ഓടക്കൽ, വൈസ് പ്രസിഡന്റ് ആസിഫ് സ്വലാഹി, പി. ഇബ്റാഹീം, ഇസ്മാഈൽ തോട്ടശ്ശേരിയറ, ഫസ്‌ലുറഹ്മാൻ ചെങ്ങനി, ഇർഷാദ് കൊളപ്പുറം തുടങ്ങിയവർ പങ്കെടുത്തു.



# ആരോഗ്യപഥം ശ്രദ്ധേയം

'നേർപഥം' സമകാലിക വിഷയങ്ങളിൽ ഉൾക്കാഴ്ച നൽകുന്ന കവർ സ്റ്റോറിയുമായി എല്ലാ ചൊവ്വാഴ്ചകളിലും വീട്ടിലെത്താറുണ്ട്. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് റൈഹാൻ ഷഹീദ് എഴുതിയ കവർ സ്റ്റോറി ഏറെ പഠനാർഹമായിരുന്നു. 'കാലാവസ്ഥാവ്യതിയാനം, ജലക്ഷാമം, വനനശീകരണം, വായുമലിനീകരണം, പ്ലാസ്റ്റിക് മാലിന്യങ്ങൾ, സമുദ്രമലിനീകരണം, ജീവജാലങ്ങളുടെ നാശം, ആഗോളതാപനം തുടങ്ങിയ അനവധി പ്രശ്നങ്ങൾ മനുഷ്യന്റെ അശ്രദ്ധയും അതിരില്ലാത്ത ഉപഭോഗമനോഭാവവും മൂലമാണ് രൂപപ്പെട്ടത്. ഈ പ്രശ്നങ്ങൾ ഇനി ഭാവിയിലെ ഭീഷണികളല്ല; അവ ഇന്നത്തെ യാഥാർഥ്യങ്ങളാണ്.' ലേഖകന്റെ ഈ വിലയിരുത്തൽ ശ്രദ്ധേയവും ചിന്താർഹവുമാണ്. എങ്ങനെയെങ്കിലും സമ്പാദിക്കണം, ഇഷ്ടാനുസരണം ജീവിക്കണം എന്ന ചിന്താഗതിയാണ് മനുഷ്യനെ പ്രകൃതിയെ അമിതമായും അശാസ്ത്രീയമായും ചൂഷണം ചെയ്യാൻ പ്രേരിപ്പിക്കുന്നത്. എന്തിലും മിതത്വം പാലിക്കുവാൻ കൽപിച്ച മതമാണ് ഇസ്‌ലാം. അതുകൊണ്ട് മുസ്‌ലിംകൾ പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്തുകൂടാ.

ഏറെ ശ്രദ്ധേയവും എല്ലാവരും വായിച്ച് മനസ്സിലാക്കേണ്ടതുമായ ഒരു പംക്തിയാണ് ആരോഗ്യപഥം. സാഹചര്യത്തിനും കാലാവസ്ഥക്കുമനുസരിച്ച് നാം മനസ്സിലാക്കേണ്ട ആരോഗ്യകുറിപ്പുകളാണ് ഡോക്ടർമാർ വായനക്കാർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. അവർക്ക് പ്രത്യേകമായ അഭിനന്ദനമർപ്പിക്കുന്നു.

**-ഉമ്മു അമീൻ, കല്ലൂർ**

# 'ഗോദി മീഡിയ' അഥവാ ഭരണകൂട നാവ്

ആധുനിക സാമൂഹിക ജീവിതത്തിലെ അവശ്യഘടകവും മനുഷ്യന്റെ ചിന്തയെയും മൂല്യങ്ങളെയും സംസ്കാരങ്ങളെയും സ്വാധീനിക്കാൻ കഴിവുള്ള സംവിധാനവുമാണ് മാധ്യമങ്ങൾ. ജനാധിപത്യ വ്യവസ്ഥിതിയുടെ നാലാംതൂണും ജനാധിപത്യത്തിന്റെ കാവലാളായുമാണ് മാധ്യമങ്ങൾ വിശേഷിപ്പിക്കപ്പെടുന്നത്. അധാർമികതയും അരാജകത്വവും അഴിമതിയും അരങ്ങുതകർക്കുമ്പോൾ തിരുത്തലുകൾക്ക് വഴിതുറക്കുന്നത് മാധ്യമങ്ങളുടെ ധീരമായ ഇടപെടലുകളാണ്.

മാധ്യമങ്ങൾക്ക് അവയുടെ ധർമങ്ങൾ നിർവഹിക്കാൻ സ്വാതന്ത്ര്യം നൽകണം. എന്നാൽ ഭരണകൂടവും വ്യവസായികളുമാണ് മാധ്യമങ്ങളെ നിയന്ത്രിക്കുന്നത് എന്നാണ് സമകാലിക സംഭവങ്ങൾ സൂചിപ്പിക്കുന്നത്. ഇവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി പ്രവർത്തിക്കുന്ന മാധ്യമങ്ങൾക്ക് ശരിയായ വാർത്തകളും സന്ദേശങ്ങളും അഭിപ്രായങ്ങളും നൽകാൻ സാധിക്കാതെ വരുന്നു. നുണകളും അവാസ്തവങ്ങളായ കാര്യങ്ങളും അർധസത്യങ്ങളും പ്രചരിപ്പിച്ച് സത്യമെന്ന് വരുത്തിത്തീർക്കുക മാത്രമല്ല; ജനങ്ങൾക്ക് എന്ത് വിവരം നൽകണം, എന്ത് വിവരം നൽകേണ്ട എന്നു തീരുമാനിക്കുന്നതിലേക്കും മാധ്യമങ്ങളെ നിയന്ത്രിക്കുന്നവർ എത്തിച്ചേരുന്നു. വാർത്താ വിനിമയ സംവിധാനത്തിന് പുറമെനിന്നുള്ള ഇടപെടൽ; അത് സർക്കാരിൽ നിന്നോ മറ്റാരെങ്കിൽ നിന്നോ ആയാലും മാധ്യമങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കലാണ്.

ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ അവിശ്വാസവും തെറ്റിദ്ധാരണയും വളർത്താൻ വേണ്ടി ബോധപൂർവം ശ്രമം നടത്തുന്ന ചില പത്രങ്ങളും ചാനലുകളുമുണ്ട്. സമൂഹത്തിൽ നടക്കുന്ന അരുതായ്മ കളും ഭരണതലത്തിലുള്ള അഴിമതിയും ഇല്ലായ്മ ചെയ്യുന്നതിലും അനീതിക്ക് ഇരയാകുന്നവർക്ക് ന്യായമായ നീതി നേടിക്കൊടുക്കുന്നതിലുമുള്ള മാധ്യമങ്ങളുടെ പങ്ക് ചെറുതല്ല.

ഹിന്ദി പ്രൈം ടൈം വാർത്താ ചാനലുകളും മറ്റു ചില മുഖ്യധാരാ മാധ്യമങ്ങളും 'ഗോദി മീഡിയ' (Godi Media) എന്നാണ് ഇപ്പോൾ വിശേഷിപ്പിക്കപ്പെടുന്നത്. 'ഗോദി' എന്ന ഹിന്ദി വാക്കിന്റെ അർഥം 'മടിത്തട്ട്' എന്നാണ്. പ്രശസ്ത ഇന്ത്യൻ മാധ്യമപ്രവർത്തകനായ രവീഷ് കുമാർ ആണ് ഈ പ്രയോഗം ജനകീയമാക്കിയത്. ഭരണകൂടത്തിന്റെ മടിയിലിരുന്ന് വാർത്തകൾ ചെയ്യുന്ന മാധ്യമങ്ങൾ എന്ന അർഥത്തിലാണ് 'ഗോദി മീഡിയ' എന്ന പേര് വിളിച്ചുതുടങ്ങിയത്.

സർക്കാരിന്റെ വീഴ്ചകളെയോ ജനകീയ പ്രശ്നങ്ങളെയോ (വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങിയവ) ചർച്ച ചെയ്യുന്നതിന് പകരം, എപ്പോഴും ഭരണകൂടത്തെ അനുകൂലിക്കുകയും ന്യായീകരിക്കുകയും ചെയ്യുക, സർക്കാരിന്റെ നയങ്ങളെ വിമർശിക്കുന്ന പ്രതിപക്ഷ നേതാക്കൾ, സാമൂഹിക പ്രവർത്തകർ, ജനകീയ സമരങ്ങൾ നടത്തുന്നവർ എന്നിവരെ രാജ്യവിരുദ്ധരായി ചിത്രീകരിക്കാൻ ശ്രമിക്കുക, ജനങ്ങളെ ബാധിക്കുന്ന യഥാർഥ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കാൻ മതപരവും വർഗീയവുമായ ചർച്ചകൾക്ക് ചാനലുകളിൽ അമിത പ്രാധാന്യം നൽകുക തുടങ്ങിയവയാണ് ഗോദി മീഡിയകളെന്നു വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ജനാധിപത്യത്തിന്റെ നാലാം തൂണായി നിന്ന് ഭരണകൂടത്തെ ചോദ്യം ചെയ്യേണ്ട മാധ്യമങ്ങൾ, അതിന് പകരം സർക്കാരിന്റെ പി.ആർ (Public Relations) ഏജൻസികളെപ്പോലെ പ്രവർത്തിക്കുന്നത് ജനാധിപത്യ രാഷ്ട്രത്തിന് അപമാനം തന്നെയാണ്. ■




# അലിയ്യ് ബിൻ അബ്ബാസ് അൽമജൂസി

ഡോ. ടി. കെ. യൂസുഫ്
: 9349798262

മനുഷ്യശരീരത്തെക്കുറിച്ചും രോഗങ്ങളെകുറിച്ചും തന്റെ വ്യക്തിപരമായ അറിവിനും അനുഭവത്തിനുമുപരിയായി ഈ വിഷയത്തിൽ പൂർവികരാൽ എഴുതപ്പെട്ട മുഴുവൻ വിവരങ്ങൾ കൂടി സ്വായത്തമാക്കാൻ ശ്രമിച്ച, വൈദ്യവിദ്യാർഥികൾക്ക് എക്കാലത്തും മാതൃകയാക്കാൻ പറ്റിയ ഒരു വ്യക്തിയാണ് അലിയ്യ് ബിൻ അബ്ബാസ് അൽമജൂസി. പിതാമഹൻ ഒരു അഗ്നിയാരാധകനായതു കൊണ്ടാണ്

**വിവർത്തനത്തിൽ നൈപുണ്യമുണ്ടായിരുന്ന കിന്തി ബത്‌ലീമൂസിന്റെയും ഗാലന്റെയും ഗ്രന്ഥങ്ങൾ അറബിയിലേക്ക് ഭാഷാന്തരം ചെയ്തു. വൈദ്യവിജ്ഞാന ത്തിൽ മാത്രം അദ്ദേഹത്തിന് ഇരുപതിലധികം രചനകളുണ്ട്. എല്ലാ വിഭാഗങ്ങളിലുമാ യി നൂറിലധികം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹം വൈദ്യന്മാരെ ഇപ്രകാരം ഉപദേശിച്ചി രുന്നു: 'നിങ്ങൾ കാരണം ഒരാൾക്ക് രോഗശമനം ലഭിച്ചു എന്ന് കേൾക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടും. എന്നാൽ നിങ്ങൾ കാരണം ഒരു രോഗി മരിച്ചു എന്ന് കേൾക്കാതിരി ക്കാൻ നിങ്ങൾ ശ്രദ്ധിക്കേ ണ്ടതുണ്ട്. വൈദ്യത്തിൽ ഞാൻ പാരമ്യത്തിലെത്തി എന്ന് വിചാരിക്കുന്നവർ വിഡ്ഢികളാണ്.'**

പേർഷ്യക്കാരനായ ഇദ്ദേഹം ഇബ്നുൽ മജൂസി എന്ന പേരിലറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ ജനന തീയതി ചരിത്രത്തിൽ കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും ഇന്നത്തെ ഇറാനിൽപെട്ട അഹ്‌വാസ് നഗരത്തിലാണ് അദ്ദേഹം ജനിച്ചതെന്നും ക്രിസ്താബ്ദം 1010ലാണ് മരണപ്പെട്ടതെന്നും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

അള്‌ദുദ്ദൗല രാജാവിന് വേണ്ടി അദ്ദേഹം രചിച്ച 'കിതാബുൽ മലകി' എന്ന പേരിലറിയപ്പെടുന്ന 'കാമിലുസ്സിനാഅതുത്ത്വിബ്ബിയ്യ' എന്ന വൈദ്യവിവര ശേഖരമാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ രചന. ഇബ്നു സീനയുടെ 'കാനൻ' രചിക്കപ്പെടുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ഈ കൃതിയായിരുന്നു ജനങ്ങൾ അവലംബിച്ചിരുന്നത്. കാനന് ശേഷം ചിലരൊക്കെ ഈ ഗ്രന്ഥം കൈവിട്ടങ്കിലും പ്രായോഗിക വൈദ്യത്തിൽ മികവുറ്റത് കിതാബുൽ മലകി തന്നെയായിരുന്നു. അനാട്ടമിയിൽ അതുല്യ അവലംബമായ അദ്ദേഹത്തിന്റെ കൃതി യൂറോപ്യൻ രാജ്യങ്ങളിൽ വളരെ കാലം ആശ്രയിച്ചിരുന്നു.

അദ്ദേഹത്തിന്റെ 'കാമിലുസ്സിനാ അതുത്ത്വിബ്ബിയ്യ' എന്ന പ്രസിദ്ധ കൃതിക്ക് രണ്ട് സമ്പൂർണ വാള്യങ്ങളാണുള്ളത്. ഓരോ വാള്യത്തിലും പത്ത് പ്രബന്ധങ്ങളാണുള്ളത്. ഓരോ അധ്യായത്തിലും യഥാക്രമം താഴെ പറയുന്ന വിവരങ്ങളാണ് ഉൾകൊള്ളിച്ചിട്ടുള്ളത്: ശരീരത്തിന്റെ പൊതുവിവരം; അവയവങ്ങളുടെ പ്രകൃതം, അവയവങ്ങളുടെ ദൗത്യം, ആത്മീയശക്തി, ശാരീരികശക്തി, പ്രകൃത്യാതീത കാര്യങ്ങൾ, രോഗങ്ങൾ, രോഗലക്ഷണങ്ങൾ, രോഗനിർണയ വഴികൾ. ഓരോന്നും വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. രണ്ടാമത്തെ വാള്യത്തിൽ ഔഷധങ്ങളും വ്യത്യസ്ത ചികിത്സാരീതികളുമാണ് വിവരിക്കുന്നത്.

വൈദ്യവിവരത്തിൽ പൂർവികരായ ഗ്രീക്കുകാരും മറ്റും എഴുതിയത് അദ്ദേഹം പഠിച്ചിരുന്നു എന്നതിന് ഏറ്റവും വലിയ തെളിവ് അവയിൽ ചിലതിനെ അദ്ദേഹം തെളിവുസഹിതം വിമർശനവിധേയമാക്കിയി ട്ടുണ്ട് എന്നതാണ്. ഇബ്നുൽ മജൂസി പൂർവികരെ വിമർശിച്ചത് ബുദ്ധിപരമായി തെളിവ് സഹിതമാ ണെന്ന് ഓറിയന്റലിസ്റ്റ് വനിതയായ സിഗരീത് ഹോങ്കെ അവരുടെ 'അറബ് സൂര്യൻ യൂറോപ്പിന് വെളിച്ചം

നൽകുന്നു' എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്.

അലിയ്യ് ബിൻ അബ്ബാസ് അൽമജൂസി പൂർവികരെ വിമർശിച്ചുകൊണ്ട് പറയുന്നത് ഇപ്രകാരമാണ്: 'പൂർവികരുടെ കയ്യെഴുത്ത് പ്രതികളിലൊന്നിലും തന്നെ ഒരാൾക്ക് വൈദ്യവിദ്യ അഭ്യസിക്കാൻ അനിവാര്യമായ മുഴുവൻ വിവരങ്ങളും ഉൾകൊള്ളുന്നതായി എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഉദാഹരണത്തിന്, ഹിപ്പോക്രാറ്റസ് വളരെ സംക്ഷിപ്തമായിട്ടാണ് വൈദ്യ വിവരങ്ങൾ എഴുതിയിരിക്കുന്നത്. അദ്ദേഹത്തിന്റെ മിക്ക വാചകങ്ങളും അവ്യക്തവും അനുബന്ധക്കുറിപ്പ് ആവശ്യമുള്ളതുമാണ്. അതുപോലെ ഗാലന്റെ ഗ്രന്ഥങ്ങളിൽ രോഗശമനവുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രമാണ് അധികവും കാണപ്പെടുന്നത്. അതോടൊപ്പം അവ സുദീർഘവും ധാരാളം ആവർത്തനം ഉൾകൊള്ളുന്നതുമാണ്. ചുരുക്കിപ്പറഞ്ഞാൽ എല്ലാ അർഥത്തിലും വൈദ്യവിദ്യ പഠിക്കാനാവശ്യമായ ഒരു ഗ്രന്ഥം എനിക്ക് പൂർവികരുടെ രചനകളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഞാൻ എന്റെ ഈ കൃതിയിൽ ആരോഗ്യത്തെക്കുറിച്ചും രോഗങ്ങളെകുറിച്ചുമുള്ള മുഴുവൻ കാര്യങ്ങളും ഉൾകൊള്ളിച്ചിട്ടുണ്ട്. ഓരോ ചികിത്സകനും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് അതിൽ വിവരിച്ചിട്ടുള്ളത്.'

ഇബ്നുൽ മജൂസിയുടെ രചന പൂർവികരുടെതിൽനിന്നും എങ്ങനെ വ്യതിരിക്തമാകുന്നുവെന്ന് 'സിഗരീത് ഹോങ്കെ' വിവരിക്കുന്നുണ്ട്. ഗർഭസ്ഥശിശു സ്വയം ചലിച്ചുകൊണ്ടാണ് പുറത്തു വരുന്നത് എന്നാണ് ഹിപ്പോക്രാറ്റസും അദ്ദേഹത്തിന്റെ ശേഷം വന്ന മറ്റുള്ളവരും പറഞ്ഞത്. എന്നാൽ ഗർഭാശയ പേശികൾ സങ്കോചിക്കുന്നതുകൊണ്ടാണ് ശിശു പുറത്തു വരുന്നത് എന്ന് ആദ്യമായി പറഞ്ഞത് ഇബ്നുൽ മജൂസിയാണ്. ഇബ്നുൽ മജൂസിയുടെ കണ്ടെത്തലുകൾ ആധുനിക കാലത്ത് നിസ്സാരമാണെങ്കിലും അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ അത് അപാരം തന്നെയായിരുന്നു. അദ്ദേഹത്തിന്റെ വൈദ്യശാസ്ത്ര വിലയിരുത്തലുകൾ നമുക്ക് ഇപ്രകാരം സംഗ്രഹിക്കാവുന്നതാണ്:

1. ആരോഗ്യം മെച്ചപ്പെടുത്താനാണ് നാം ആദ്യം ശ്രമിക്കേണ്ടത്.

2. ഔഷധ പ്രയോഗത്തിനു മുമ്പ് പോഷകാഹരത്തിലൂടെ രോഗശമനം കണ്ടെത്താൻ ശ്രമിക്കേണ്ടതുണ്ട്.

3. സമ്മിശ്ര ഔഷധക്കൂട്ടുകൾ സേവിക്കുന്നതിന് മുമ്പായി ഒറ്റമൂലികൾ പരീക്ഷിക്കാവുന്നതാണ്.

4. അജ്ഞാതവും അപരിചിതവുമായ ഔഷധങ്ങൾ വർജിക്കേണ്ടതാണ്.

5. നാഡിമിടിപ്പ് രോഗനിർണയത്തിൽ നിർണായകമാണ്.

6. രോഗം, രോഗി, ഭിഷഗ്വരൻ ഈ ത്രിമൂർത്തികളിൽ രോഗി ഡോക്ടർ പറയുന്ന നിർദേശങ്ങൾ അനുസരിക്കുമ്പോൾ രണ്ടുപേർക്ക് ഒരാളെ നിഷ്പ്രയാസം പരാജയപ്പെടുത്താം. എന്നാൽ രോഗി ഡോക്ടറുടെ നിർദേശങ്ങൾ കാറ്റിൽ പറത്തുമ്പോൾ ഇവർ രണ്ടുപേരും ഡോക്ടർക്ക് എതിരെ തിരിയുകയാണ് ചെയ്യുന്നത്.

7. ഡോക്ടർമാരുടെ ലക്ഷ്യം പണമാകരുത്. ഗർഭഛിദ്രം പോലുള്ള മാരക ചെയ്തികൾക്ക് മരുന്നുകൾ നൽകരുത്. സൗമ്യതയും വിനയവും പാവപ്പെട്ടവരോട് അനുകമ്പയും വേണം. രോഗികളുടെ രഹസ്യങ്ങൾ ഒരിക്കലും വെളിപ്പെടുത്തരുത്.

'കിതാബുൽ മലകി' അഥവാ

'കാമിലുസ്സിനാഅതുത്ത്വിബ്ബിയ്യ' എന്ന വൈദ്യകൃതിയാണ് ആദ്യമായി അറബി ഭാഷയിൽനിന്ന് ലാറ്റിൽ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. ഇറ്റലിയിലെ സലേർനോ മെഡിക്കൽ സ്കൂളിലെ പ്രിൻസിപ്പിളായ 'കസ്റ്റന്റൈൻ ദി ആഫ്രിക്കൻ' എന്ന വൈദ്യശാസ്ത്ര പുരോഹിതനാണ് പ്രസ്തുത ഗ്രന്ഥം വിവർത്തനം ചെയ്തത്. 1020-1087 കാലഘട്ടത്തിൽ ജീവിച്ച അദ്ദേഹം ഈ ഗ്രന്ഥം തന്റേതായി അവതരിപ്പിച്ചു എന്ന് പറയപ്പെടുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ജീവചരിത്രം പറയുന്നിടത്ത് വിക്കിപീഡിയയിൽ അദ്ദേഹം 'കാമിലുസ്സിനാഅ' ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1128ൽ ഇത്യാൻ അന്താകി എന്ന മറ്റൊരു ഗവേഷനും അൽ മജൂസിയുടെ ഈ ഗ്രന്ഥം വിവർത്തനം ചെയ്തിട്ടുണ്ട്.

**അൽകിന്ദി: വൈദ്യശാസ്ത്രത്തിലെ ദാർശനികൻ**

മഹത്തായ വിജ്ഞാന ശാഖയായ വൈദ്യശാസ്ത്രത്തിന് പുറമെ തത്ത്വചിന്തയും ഗണിതവും ഗോളശാസ്ത്രവും കലക്കിക്കുടിച്ച ഒരു പ്രതിഭയാണ് അബൂയൂസുഫ് യഅ്കൂബ് ബിൻ ഇസ്ഹാഖ് അൽ കിന്ദി. എഡി 805ൽ കൂഫയിലാണ് അദ്ദേഹം ജനിച്ചത്. 873ൽ ബഗ്ദാദിൽവച്ച് ഈ ലോകത്തോട് വിട പറയുന്നതുവരെ ഈ നഗരങ്ങളിൽനിന്ന് തന്നെയാണ് അദ്ദേഹം പഠനം നടത്തിയത്.

സമൂഹത്തിൽ വലിയ സ്ഥാനമാനങ്ങളും അധികാരവുമുള്ള കുലീനമായ വംശപാരമ്പര്യമാണ് കിന്ദിക്കുള്ളത്. അദ്ദേഹത്തിന്റെ കുടുംബ പാരമ്പര്യം പ്രസിദ്ധ സ്വഹാബിയായ അസ്അസ് ബിൻ ഖൈസിൽവരെ എത്തുന്നുണ്ട്. അദ്ദേഹം തന്റെ കാലത്തെ ഭരണാധികാരികളോട് നല്ല അടുപ്പവും ബന്ധവുമുള്ള വ്യക്തിയായിരുന്നു. ഖലീഫ മഅ്മൂൻ, മുഅ്തസിം എന്നിവരുടെ കാലഘട്ടത്തിൽ വളരെ ആത്മാർഥതയോടെ രാജകൊട്ടാരത്തിന് കീഴിൽ ജോലി ചെയ്തിട്ടുണ്ട്. വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം, ഗോളശാസ്ത്രം, തത്ത്വചിന്ത എന്നീ വിഷയങ്ങളിലുള്ള അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ് അദ്ദേഹത്തിന് പ്രസിദ്ധി നൽകിയത്.

വിവർത്തനത്തിൽ നൈപുണ്യമുണ്ടായിരുന്ന കിന്ദി ബത്‌ലീമൂസിന്റെയും ഗാലന്റെയും ഗ്രന്ഥങ്ങൾ അറബിയിലേക്ക് ഭാഷാന്തരം ചെയ്തു. വൈദ്യവിജ്ഞാനത്തിൽ മാത്രം അദ്ദേഹത്തിന് ഇരുപതിലധികം രചനകളുണ്ട്. എല്ലാ വിഭാഗങ്ങളിലുമായി നൂറിലധികം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹം വൈദ്യന്മാരെ ഇപ്രകാരം ഉപദേശിച്ചിരുന്നു: 'നിങ്ങൾ കാരണം ഒരാൾക്ക് രോഗശമനം ലഭിച്ചു എന്ന് കേൾക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടും. എന്നാൽ നിങ്ങൾ കാരണം ഒരു രോഗി മരിച്ചു എന്ന് കേൾക്കാതിരിക്കാൻ നിങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. വൈദ്യത്തിൽ ഞാൻ പാരമ്യത്തിലെത്തി എന്ന് വിചാരിക്കുന്നവർ വിഡ്ഢികളാണ്.'

കിന്ദിയുടെ തത്ത്വചിന്തയിലെ അധ്യാപനങ്ങളാണ് കൂടുതൽ പ്രസിദ്ധമായിട്ടുള്ളത്. എന്നാൽ വൈദ്യ ശാസ്ത്രത്തിലും അദ്ദേഹത്തിന്റെ സംഭാവനകൾ പ്രശംസനീയമാണ്.

*(അവസാനിച്ചു)* ■



# സ്വവർഗരതി, ലിംഗസ്വത്വം: ഇസ്‌ലാമിക നിലപാട്

റൈഹാൻ ഷഹീദ്
: 8921259204

**പാശ്ചാത്യനാടുകളിലെ ഇക്കിളി വികാരങ്ങളുടെ ഇട്ടാവട്ടത്തിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ലിംഗസ്വത്വ ചർച്ചകൾ ഭീമാകാരം പൂണ്ട് ലോകമൊട്ടാകെ 'പ്രൈഡ് മന്ത്' ആചരിക്കുന്ന തരത്തിലേക്ക് വളർന്നിരിക്കുന്നു. വൈകല്യങ്ങളിൽ അനുതപിക്കുന്നത് മനസ്സിലാക്കാം, ആസ്വദിക്കുന്നതും ആഘോഷിക്കുന്നതുമെങ്ങനെ?!**

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഏറ്റവും വിവാദപരവും വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നതുമായ സാമൂഹികവിഷയങ്ങളിലൊന്നാണ് LGBTQIA+ പ്രസ്ഥാനം. ഏതാനും പതിറ്റാണ്ടുകൾക്കു മുമ്പ് പാശ്ചാത്യ രാജ്യങ്ങളിലെ പരിമിതമായ സാമൂഹിക-രാഷ്ട്രീയ ചർച്ചകളിൽ മാത്രം ഒതുങ്ങിയിരുന്ന ഈ വിഷയം ഇന്ന് ആഗോളതലത്തിൽ വലിയ സ്വാധീനം ചെലുത്തുന്ന ആശയധാരയായി മാറിയിരിക്കുന്നു. മനുഷ്യാവകാശം, വ്യക്തിസ്വാതന്ത്ര്യം, ലിംഗസ്വത്വം, കുടുംബസങ്കൽപം, മതവിശ്വാസം, നിയമവ്യവസ്ഥ, വിദ്യാഭ്യാസം, പൊതുനയം തുടങ്ങി സമൂഹജീവിതത്തിന്റെ വിവിധ മേഖലകളെ ഈ സംവാദം സ്പർശിക്കുന്നുണ്ട്.

**അല്ലാഹുവിന്റെ മാർഗനിർദേശമാണ് മനുഷ്യനെ യഥാർഥ അന്തസ്സിലേക്കും വിജയത്തിലേക്കും നയിക്കുന്നത്; അതിൽനിന്ന് അകലുന്ന ഓരോ ചുവടും മനുഷ്യനെ അവന്റെ യഥാർഥ ലക്ഷ്യത്തിൽനിന്ന് അകറ്റിക്കൊണ്ടേയിരിക്കും. അത്തരം ഘട്ടത്തിൽ സത്യത്തിൽ ഉറച്ചുനിൽക്കുക എന്നത് ഒരു ബൗദ്ധിക നിലപാട് മാത്രമല്ല, ഒരു മഹത്തായ ഇബാദത്തും ഈമാനിന്റെ അടയാളവുമാണ്.**

എല്ലാ വർഷവും ജൂൺ മാസത്തിൽ ലോകമെമ്പാടുമുള്ള LGBTQ+ സമൂഹം തങ്ങളുടെ സ്വത്വവും അവകാശങ്ങളും സംരക്ഷിക്കാനെന്നു പറഞ്ഞ് Pride Month (അഭിമാന മാസം) ആചരിക്കുന്നു. ഈ കാലയളവിൽ LGBTQIA+ സമൂഹത്തിന്റെ അവകാശങ്ങൾ, അവരുടെ ചരിത്രം, അനുഭവങ്ങൾ, സാമൂഹിക അംഗീകാരം എന്നിവയെക്കുറിച്ചുള്ള ചർച്ചകൾ ശക്തമാകുന്നു. നിരവധി രാജ്യങ്ങളിൽ പരേഡുകളും പൊതുപരിപാടികളും സംഘടിപ്പിക്കപ്പെടുന്നു. മറുവശത്ത്, മതപരവും ധാർമികവുമായ കാഴ്ചപ്പാടുകളിൽനിന്നുള്ള വിമർശനങ്ങളും ചർച്ചകളും ഇതോടൊപ്പം സജീവമാണ്.

ഈ സാഹചര്യത്തിൽ വിഷയത്തെ വികാരപരമായ പ്രതികരണങ്ങൾക്കോ മുദ്രാവാക്യങ്ങൾക്കോ മാത്രം വിധേയമാക്കാതെ ചരിത്രപരമായും മതപരമായും ശാസ്ത്രീയമായും സാമൂഹികമായും പരിശോധിക്കേണ്ടത് അനിവാര്യമാണ്. കാരണം LGBTQIA+ എന്നത് കേവലം ലൈംഗിക ആകർഷണത്തെ മാത്രം സൂചിപ്പിക്കുന്നതല്ല; മറിച്ച് മനുഷ്യന്റെ സ്വത്വം, ലിംഗം, കുടുംബം, വിവാഹം, സാമൂഹികഘടന, ധാർമികത എന്നീ അടിസ്ഥാന ആശയങ്ങളുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾ അതിൽ ഉൾക്കൊള്ളുന്നു.

LGBTQIA+ മായി ബന്ധപ്പെട്ട ചർച്ചകൾ ഇന്ന് കേവലം വ്യക്തിപരമായ ലൈംഗിക പെരുമാറ്റത്തിൽ ഒതുങ്ങിനിൽക്കുന്നതല്ല. സ്കൂൾ വിദ്യാഭ്യാസം മുതൽ നിയമനിർമാണം വരെ, വിവാഹത്തിന്റെ നിർവചനം മുതൽ ലിംഗനിർവചനം വരെ, മനുഷ്യാവകാശം മുതൽ മത സ്വാതന്ത്ര്യം വരെയുള്ള വിഷയങ്ങളിൽ വ്യാപിച്ചുകിടക്കുന്ന വലിയ ഒരു സാംസ്കാരിക സംവാദത്തിന്റെ ഭാഗമാണ് ഇത്. അതുകൊണ്ടുതന്നെ ഈ വിഷയത്തെക്കുറിച്ചുള്ള വ്യക്തമായ അറിവ് ഓരോ വായനക്കാരനും ആവശ്യമാണ്.

### LGBTQIA+ എന്നാൽ എന്താണ്?

LGBTQIA+ എന്നതിലെ ഓരോ അക്ഷരവും എന്തിനെ പ്രതിനിധീകരിക്കുന്നു എന്ന് പലർക്കും വ്യക്തമായി അറിയില്ല. അതിനാൽ ആദ്യം ഇതിന്റെ ആശയം മനസ്സിലാക്കേണ്ടതുണ്ട്.

LGBTQIA+ എന്നത് വിവിധ ലൈംഗികാഭിമുഖ്യങ്ങളെയും (sexual orientations) ലിംഗസ്വത്വങ്ങളെയും (gender identities) ഉൾക്കൊള്ളുന്ന ഒരു 'കുടപദ'മാണ് (umbrella term)..

L = Lesbian

'ലെസ്ബിയൻ' എന്നത് സ്ത്രീകളോട് ലൈംഗികമോ പ്രണയപരമോ ആയ ആകർഷണം അനുഭവപ്പെടുന്ന സ്ത്രീയെ സൂചിപ്പിക്കുന്നു. ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയോടാണ് പ്രധാനമായും പ്രണയമോ ലൈംഗിക ആകർഷണമോ തോന്നുന്നതെങ്കിൽ അവരെ 'ലെസ്ബിയൻ' എന്ന് വിളിക്കുന്നു.

G = Gay

'ഗേ' എന്ന പദം പൊതുവായി സ്വവർഗ ആകർഷണമുള്ളവരെ സൂചിപ്പിക്കാൻ ഉപയോഗിക്കാറുണ്ടെങ്കിലും സാധാരണയായി പുരുഷന്മാരോട് ലൈംഗികമോ പ്രണയപരമോ ആയ ആകർഷണം അനുഭവപ്പെടുന്ന പുരുഷന്മാരെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

B = Bisexual

'ബൈസെക്ഷ്വൽ' എന്നത് പുരുഷന്മാരോടും സ്ത്രീകളോടും ലൈംഗികമോ പ്രണയപരമോ ആയ ആകർഷണം അനുഭവപ്പെടുന്ന വ്യക്തിയെയാണ് സൂചിപ്പിക്കുന്നത്. അവരുടെ ആകർഷണം ഒരു ലിംഗത്തിലേക്ക് മാത്രം പരിമിതമായിരിക്കണമെന്നില്ല.

**ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലും LGBTQIA+ പ്രസ്ഥാനം ആഗോള രാഷ്ട്രീയശക്തിയായി മാറി. ചരിത്രത്തിൽ സ്വവർഗരതി പ്രധാനമായും ഒരു പെരുമാറ്റമായി (behavior) കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ ആധുനിക LGBTQIA+ പ്രസ്ഥാനം അതിനെ ഒരു 'ഐഡന്റിറ്റി' അഥവാ സ്വത്വമായി അവതരിപ്പിക്കുന്നു. ഇതാണ് ചരിത്രപരമായ ഏറ്റവും വലിയ മാറ്റം.**

T = Transgender

'ട്രാൻസ്ജെൻഡർ' എന്നത് ജനനസമയത്ത് നിർണയിക്കപ്പെട്ട ലിംഗവുമായി സ്വന്തം ലിംഗസ്വത്വം പൊരുത്തപ്പെടുന്നില്ലെന്ന് കരുതുന്ന വ്യക്തിയെയാണ് സൂചിപ്പിക്കുന്നത്. ലൈംഗികാഭിമുഖ്യമല്ല, ലിംഗസ്വത്വമാണ് ഇതിലെ വിഷയം.

Q = Queer / Questioning

Qഎന്ന അക്ഷരം സാധാരണയായി രണ്ട് അർഥങ്ങളിലാണ് ഉപയോഗിക്കപ്പെടുന്നത്.

*Queer*: പരമ്പരാഗത ലൈംഗികതയുടെയും ലിംഗപരമായ വിഭാഗങ്ങളുടെയും പുറത്തുള്ള ആളുകളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പൊതുപദം.

*Questioning*: സ്വന്തം ലൈംഗികാഭിമുഖ്യത്തെയോ ലിംഗസ്വത്വത്തെയോ കുറിച്ച് ഇപ്പോഴും അന്വേഷിക്കുന്നവരെയും സംശയാവസ്ഥയിലുള്ളവരെയും സൂചിപ്പിക്കാനും ഈ അക്ഷരം ഉപയോഗിക്കുന്നു.

I = Intersex

'ഇന്റർസെക്സ്' എന്നത് ജനിതകമോ ഹോർമോൺ പരമോ ശാരീരികമോ ആയ കാരണങ്ങളാൽ വ്യക്തമായ പുരുഷ-സ്ത്രീ വിഭാഗങ്ങളിലേക്ക് എളുപ്പത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത ജീവശാസ്ത്രപരമായ അവസ്ഥയാണ്. ഇത് ഒരു മെഡിക്കൽ അവസ്ഥയാണ്.

A = Asexual.

'എസെക്ഷ്വൽ' എന്നത് മറ്റുള്ളവരോട് ലൈംഗിക ആകർഷണം വളരെ കുറവോ ഇല്ലാത്തതോ ആയ വ്യക്തിയെ സൂചിപ്പിക്കുന്നു.

+ (Plus).

LGBTQIA+ എന്നതിലെ '+' ചിഹ്നം വളരെ പ്രധാനപ്പെട്ടതാണ്. ഇത് മുകളിൽ പറഞ്ഞ വിഭാഗങ്ങൾക്ക് പുറമെയുള്ള മറ്റു ലൈംഗികാഭിമുഖ്യങ്ങളെയും ലിംഗസ്വത്വങ്ങളെയും ഉൾക്കൊള്ളുന്നു.

**സ്വവർഗരതിയുടെ ചരിത്രം**

LGBTQIA+ എന്ന പദം ആധുനികമാണെങ്കിലും സ്വവർഗ ലൈംഗിക പെരുമാറ്റം (homosexual behavior) മനുഷ്യചരിത്രത്തിൽ പുതിയ കാര്യമല്ല. ചരിത്രത്തിലെ വിവിധ സമൂഹങ്ങളിലും സംസ്കാരങ്ങളിലും വ്യത്യസ്ത രൂപങ്ങളിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

പുരാതന മെസൊപ്പൊട്ടേമിയ, ഈജിപ്ത്, ഗ്രീസ്, റോം തുടങ്ങിയ സംസ്കാരങ്ങളിൽ സ്വവർഗ ബന്ധങ്ങളുടെ ചില ചരിത്രപരമായ സൂചനകളും രേഖകളും കാണപ്പെടുന്നുണ്ടെങ്കിലും, അവിടങ്ങളിലെ സമൂഹങ്ങൾ സ്വവർഗരതിയെ പൊതുവായി അംഗീകരിക്കപ്പെട്ട വിവാഹസംവിധാനമായി സ്വീകരിച്ചിരുന്നുവെന്നതിന് വ്യക്തമായ തെളിവുകൾ ലഭ്യമല്ല.

**ലൂത്ട് നബി(അ)യുടെ ജനത**

സ്വവർഗരതിയെക്കുറിച്ചുള്ള ഏറ്റവും പഴയതും പ്രസിദ്ധവുമായ ചരിത്രവിവരണം ലൂത്ട് നബി(അ) യുടെ ജനതയെക്കുറിച്ചുള്ളതാണ്. ജൂത, ക്രൈസ്തവ, ഇസ്ലാമിക ഗ്രന്ഥങ്ങളിൽ ഈ സംഭവം വിശദമായി പ്രതിപാദിക്കപ്പെടുന്നുണ്ട്.

ലൂത്ട് നബി(അ)യുടെ ജനതയിലെ പുരുഷന്മാർ സ്ത്രീകളെ ഉപേക്ഷിച്ച് പുരുഷന്മാരിലേക്ക് ലൈംഗിക ആകർഷണം പ്രകടിപ്പിച്ചുവെന്ന് മത ഗ്രന്ഥങ്ങൾ രേഖപ്പെടുത്തുന്നു. ഇതിന്റെ പേരിൽ അവർ ദൈവശിക്ഷയ്ക്ക് വിധേയരായെന്നും ഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നു.

**മധ്യകാല ലോകം**

മധ്യകാലഘട്ടത്തിൽ ലോകത്തിലെ മിക്ക സംസ്കാരങ്ങളും സ്വവർഗരതിയെ ധാർമികമായി തെറ്റായ പ്രവൃ

ത്തിയായിട്ടാണ് കണക്കാക്കിയിരുന്നത്. യൂറോപ്പിൽ ക്രൈസ്തവസഭകൾ ഇതിനെ പാപമായി കണ്ടു. ജൂത സമൂഹത്തിലും സമാന നിലപാടായിരുന്നു. മുസ്‌ലിം ലോകത്തും സ്വവർഗ ലൈംഗിക പ്രവർത്തനങ്ങൾ നിരോധിക്കപ്പെട്ടവയായിരുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള പല ഏഷ്യൻ സമൂഹങ്ങളിലും ഇത്തരം പ്രവൃത്തികൾ ചിലയിടങ്ങളിൽ നടന്നിരുന്നെങ്കിലും അവ സാമൂഹിക ആദർശമായി കണക്കാക്കപ്പെട്ടിരുന്നില്ല.

**ആധുനിക കാലഘട്ടത്തിന്റെ തുടക്കം**

പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ യൂറോപ്പിൽ മതത്തിന്റെ സ്വാധീനം കുറയുകയും വ്യക്തി സ്വാതന്ത്ര്യത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കുകയും ചെയ്തു. ഇതോടെ ലൈംഗികതയെക്കുറിച്ചുള്ള പുതിയ ചർച്ചകൾ ആരംഭിച്ചു. 1869ലാണ് 'Homosexuality' എന്ന പദം ആദ്യമായി ഉപയോഗിക്കപ്പെട്ടത്. അതിനുമുമ്പ് ഇത്തരം പ്രവൃത്തികളെ വിശേഷിപ്പിക്കാൻ മറ്റു പദങ്ങളാണ് ഉപയോഗിച്ചിരുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ചില മനഃശാസ്ത്രജ്ഞരും സാമൂഹികചിന്തകരും സ്വവർഗരതിയെ കുറ്റകൃത്യം, പാപം എന്നതിലുപരി ഒരു മനഃശാസ്ത്രപരമായ വിഷയമായി പഠിക്കാൻ തുടങ്ങി.

**ഇരുപതാം നൂറ്റാണ്ടിലെ വഴിത്തിരിവ്**

1969ൽ അമേരിക്കയിലെ ന്യൂയോർക്കിൽ നടന്ന 'സ്റ്റോൺവാൾ കലാപം' (Stonewall Riots) ആധുനിക LGBTQIA+ പ്രസ്ഥാനത്തിന്റെ നിർണായക തുടക്കമായി കണക്കാക്കപ്പെടുന്നു. ഈ സംഭവത്തിനുശേഷം സ്വവർഗാവകാശ പ്രസ്ഥാനങ്ങൾ കൂടുതൽ സംഘടിതമായി. വിവിധ രാജ്യങ്ങളിൽ നിയമപരമായ മാറ്റങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭങ്ങൾ ആരംഭിച്ചു.



1973ൽ അമേരിക്കൻ സൈക്യാട്രിക് അസോസിയേഷൻ സ്വവർഗരതിയെ മാനസിക രോഗങ്ങളുടെ പട്ടികയിൽനിന്ന് നീക്കി. പിന്നീട് ലോകാരോഗ്യ സംഘടനയും സമാന നിലപാട് സ്വീകരിച്ചു. യാതൊരു വിധ ശാസ്ത്രീയ പിൻബലവുമില്ലാതെ, കേവലം സമ്മർദം കൊണ്ട് മാത്രമാണ് ഇത് നീക്കം ചെയ്തത്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലും LGBTQIA+ പ്രസ്ഥാനം ആഗോള രാഷ്ട്രീയശക്തിയായി മാറി. ചരിത്രത്തിൽ സ്വവർഗരതി പ്രധാനമായും ഒരു പെരുമാറ്റമായി (behavior) കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ ആധുനിക LGBTQIA+ പ്രസ്ഥാനം അതിനെ ഒരു 'ഐഡന്റിറ്റി' അഥവാ സ്വത്വമായി അവതരിപ്പിക്കുന്നു. ഇതാണ് ചരിത്രപരമായ ഏറ്റവും വലിയ മാറ്റം.

**വിവിധ മതങ്ങളുടെ കാഴ്ചപ്പാടിൽ**

ലോകത്തിലെ പ്രധാന മതങ്ങൾ വിവാഹം, കുടുംബം, ലൈംഗികത തുടങ്ങിയ വിഷയങ്ങളിൽ വ്യക്തമായ ധാർമിക നിലപാടുകൾ സ്വീകരിച്ചിട്ടുള്ളവയാണ്. സ്വവർഗ ലൈംഗിക ബന്ധങ്ങളെ വിമർശിക്കുന്ന വ്യക്തമായ പരാമർശങ്ങൾ ജൂത-ക്രൈസ്തവ ഗ്രന്ഥങ്ങളിൽ കാണാം. തോറായിലെ ലേവ്യർ പുസ്തകത്തിൽ സ്വവർഗ ലൈംഗിക ബന്ധങ്ങൾ നിരോധിക്കപ്പെട്ടതായി കാണപ്പെടുന്നു (ലേവ്യർ 18:22; 20:13). അതുപോലെ ബൈബിളിലെ പുതിയ നിയമത്തിൽ പൗലോസ് സ്വവർഗ ലൈംഗിക പ്രവർത്തനങ്ങളെ വിമർശിക്കുന്നതായി കാണാം

**ഇസ്‌ലാം മനുഷ്യന്റെ ലൈംഗികാഭിലാഷത്തെ നിഷേധിക്കുന്നില്ല. മറിച്ച് അതിനെ ഒരു സ്വാഭാവിക സൃഷ്ടിവാസനയായി അംഗീകരിക്കുന്നു. എന്നാൽ ആ വാസനകൾക്ക് ധാർമികവും നിയമപരവുമായ അതിരുകൾ നിശ്ചയിക്കുകയും ചെയ്യുന്നു. വിശപ്പുണ്ടെന്നത് മോഷണത്തിന് ന്യായീകരണമല്ലാത്തതു പോലെ, ഒരു ആഗ്രഹം ഉണ്ടെന്നത് അതിന്റെ പ്രവർത്തനം അനുവദനീയമാണെന്നതിന് തെളിവല്ല എന്നതാണ് ഇസ്‌ലാമിന്റെ സമീപനം.**

(റോമർ 1:26-27; 1 കൊരിന്ത്യർ 6:9-10). അതുകൊണ്ട് തന്നെ ചരിത്രപരമായി ജൂത, കത്തോലിക്ക, ഓർത്തഡോക്സ്, പരമ്പരാഗത പ്രൊട്ടസ്റ്റന്റ് പാരമ്പര്യങ്ങൾ സ്വവർഗരതിയെ പാപമായോ നിരോധിതമായോ ആണ് കണക്കാക്കിയിരുന്നത്. എന്നാൽ ആധുനിക കാലത്ത് ചില ലിബറൽ ജൂത-ക്രിസ്ത്യൻ വിഭാഗങ്ങൾ ഈ നിലപാടുകളെ പുനർവ്യാഖ്യാനിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

ഹിന്ദുമതം ഏകഗ്രന്ഥാധിഷ്ഠിത മതമല്ലാത്തതിനാൽ ഈ വിഷയത്തിൽ ഏകീകൃതമായ ഒരു ഔദ്യോഗിക നിലപാട് കണ്ടെത്തുക പ്രയാസമാണ്. ചില പുരാണങ്ങളിലും ഇതിഹാസങ്ങളിലും ലിംഗപരമായ വൈവിധ്യങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാമെങ്കിലും, അവയെ ആധുനിക LGBTQIA+ ആശയധാരയുമായി നേരിട്ട് ബന്ധപ്പെടുത്താൻ കഴിയില്ലെന്നാണ് നിരവധി ഹിന്ദു പണ്ഡിതന്മാരുടെ നിലപാട്. പൊതുവെ ഹിന്ദു ധർമശാസ്ത്രങ്ങളിലും വിവാഹം പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധമായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത്.

**ഇസ്‌ലാമിക വീക്ഷണം**

ഇസ്‌ലാം മനുഷ്യന്റെ ലൈംഗികാഭിലാഷത്തെ നിഷേധിക്കുന്നില്ല. മറിച്ച് അതിനെ ഒരു സ്വാഭാവിക സൃഷ്ടിവാസനയായി അംഗീകരിക്കുന്നു. എന്നാൽ ആ വാസനകൾക്ക് ധാർമികവും നിയമപരവുമായ അതിരുകൾ നിശ്ചയിക്കുകയും ചെയ്യുന്നു. വിശപ്പുണ്ടെന്നത് മോഷണത്തിന് ന്യായീകരണമല്ലാത്തതു പോലെ, ഒരു ആഗ്രഹം ഉണ്ടെന്നത് അതിന്റെ പ്രവർത്തനം അനുവദനീയമാണെന്നതിന് തെളിവല്ല എന്നതാണ് ഇസ്‌ലാമിന്റെ സമീപനം.

ലൂത്ത് നബി(അ)യുടെ ജനത സ്വവർഗരതിക്കാരായിരുന്നെന്ന് നേരത്തെ സൂചിപ്പിച്ചു. ക്വുർആനിലെ ഒന്നിലധികം സൂറത്തുകളിൽ ആ ജനതയെയും അവരുടെ ലൈംഗിക വൈകൃതത്തെയും അവർക്ക് ലഭിച്ച ശിക്ഷയെയും കുറിച്ച് വിവരിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു: "ലൂത്വിനെയും (നാം അയച്ചു). അദ്ദേഹം തന്റെ ജനതയോട്, 'നിങ്ങൾക്കു മുമ്പ് ലോകരിൽ ഒരാളുംതന്നെ ചെയ്തിട്ടില്ലാത്ത ഈ നീചവൃത്തിക്ക് നിങ്ങൾ ചെല്ലുകയോ' എന്ന് പറഞ്ഞ സന്ദർഭം (ഓർക്കുക). സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുത്തുതന്നെ നിങ്ങൾ കാമവികാരത്തോടെ ചെല്ലുന്നു. അല്ല, നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കുന്ന ഒരു ജനതയാകുന്നു" (ക്വുർആൻ 7:80-81).

"നിങ്ങൾ ലോകരിൽനിന്ന് ആണുങ്ങളുടെ അടുക്കൽ ചെല്ലുകയാണോ? നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്കു വേണ്ടി സൃഷ്ടിച്ചു തന്നിട്ടുള്ള നിങ്ങളുടെ ഇണകളെ വിട്ടുകളയുകയുമാണോ? അല്ല, നിങ്ങൾ അതിക്രമകാരികളായ ഒരു ജനത തന്നെ" (ക്വുർആൻ 26:165-166).

ഈ ആയത്തുകളിൽനിന്ന് വ്യക്തമാകുന്നത് ലൈംഗികബന്ധത്തിന്റെ സ്വാഭാവികവും അനുവദനീയവുമായ രൂപം പുരുഷനും സ്ത്രീയും തമ്മിലുള്ള വിവാഹബന്ധത്തിലൂടെയുള്ളതാണെന്നും അതിനു പകരം പുരുഷൻ പുരുഷനെ ലൈംഗികമായി സമീപിക്കുന്നത് അല്ലാഹു നിഷിദ്ധമാക്കിയ പ്രവൃത്തിയാണെന്നുമാണ്.

ഇന്ന് ചിലർ വാദിക്കുന്നത് ലൂത്ത് നബി(അ)യുടെ ജനതയെ അല്ലാഹു ആക്ഷേപിക്കുവാൻ കാരണം അവർ ബലാത്സംഗത്തിനൊരുങ്ങിയതും അതിഥികളെ അപമാനിച്ചതുമാണെന്നും സ്വവർഗരതിയെയല്ല എന്നുമാണ്.


എന്നാൽ നേരത്തെ ഉദ്ധരിച്ച ആയത്തുകൾ തന്നെ ഈ വാദം പൊളിക്കുന്നതാണ്.

ഒരു വ്യക്തിയുടെ മനസ്സിൽ ബോധപൂർവമല്ലാതെ തോന്നുന്ന വികാരങ്ങളെയും ആകർഷണങ്ങളെയും അതേപടി പാപമായി ഇസ്‌ലാം കണക്കാക്കുന്നില്ല. ഒരാൾക്ക് സ്വവർഗ ആകർഷണം അനുഭവപ്പെടാം. അത് ഒരു പരീക്ഷണമായിരിക്കാം. എന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോൾ അത് പാപം തന്നെയാണ്. നബി(സ്വ) പറഞ്ഞു: "എന്റെ സമുദായത്തിന്റെ മനസ്സിൽ തോന്നുന്ന കാര്യങ്ങൾ അവർ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാത്തിടത്തോളം അല്ലാഹു അവരോട് പൊറുത്തിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).

**ശാസ്ത്രീയ വീക്ഷണം**

LGBTQIA+ വിഷയത്തെക്കുറിച്ചുള്ള സമകാലിക ചർച്ചകളിൽ ഏറ്റവും കൂടുതൽ ഉന്നയിക്കപ്പെടുന്ന വാദങ്ങളിൽ പെട്ടതാണ് 'ഇത് ജന്മനാ ലഭിക്കുന്നതാണ്,' 'ഗേ ജീൻ കണ്ടെത്തിയിട്ടുണ്ട്,' 'ശാസ്ത്രം ഇത് തെളിയിച്ചിട്ടുണ്ട്' തുടങ്ങിയവ. യഥാർഥത്തിൽ ശാസ്ത്രലോകം ഈ വിഷയത്തെ എങ്ങനെ കാണുന്നു? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തണമെങ്കിൽ വികാരങ്ങൾക്കപ്പുറം ഗവേഷണങ്ങളുടെ വെളിച്ചത്തിൽ വിഷയം പരിശോധിക്കേണ്ടതുണ്ട്.

ആദ്യം മനസ്സിലാക്കേണ്ട കാര്യം, മനുഷ്യന്റെ ലൈംഗികാഭിമുഖ്യത്തെക്കുറിച്ച് ശാസ്ത്രലോകത്തിൽ ഇന്നും പൂർണമായ ഏകാഭിപ്രായമില്ല എന്നതാണ്. സ്വവർഗ ആകർഷണം എന്തുകൊണ്ട് ഉണ്ടാകുന്നു എന്ന ചോദ്യത്തിന് ഇതുവരെ വ്യക്തവും അന്തിമവുമായ ഒരു ശാസ്ത്രീയ ഉത്തരം കണ്ടെത്തപ്പെട്ടിട്ടില്ല.



**'ഗേ ജീൻ' കണ്ടെത്തിയോ?**

1990കളിൽ ചില ഗവേഷണങ്ങൾ സ്വവർഗ ആകർഷണവും ചില ജനിതക ഘടകങ്ങളും തമ്മിൽ ബന്ധമുണ്ടാകാമെന്ന് സൂചിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മാധ്യമങ്ങൾ 'ഗേ ജീൻ കണ്ടെത്തി' എന്ന തരത്തിലുള്ള തലക്കെട്ടുകളിൽ വാർത്തകൾ വ്യാപകമായി പ്രചരിപ്പിച്ചു. എന്നാൽ പിന്നീട് നടന്ന വലിയ പഠനങ്ങൾ ഈ അവകാശവാദത്തെ സ്ഥിരീകരിച്ചില്ല.

2019ൽ പ്രസിദ്ധീകരിക്കപ്പെട്ട ഏറ്റവും വലിയ ജനിതക പഠനങ്ങളിലൊന്ന് ലക്ഷക്കണക്കിന് ആളുകളുടെ ജനിതക വിവരങ്ങൾ പരിശോധിച്ചു. ഈ പഠനത്തിന്റെ നിഗമനം വളരെ ശ്രദ്ധേയമായിരുന്നു; സ്വവർഗ ആകർഷണത്തെ നിർണയിക്കുന്ന ഒരൊറ്റ ജീൻ പോലുമില്ല. അതിനാൽ 'ഗേ ജീൻ' എന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതല്ല.

**ശാസ്ത്രം ധാർമികത നിർണയിക്കുമോ?**

ഇവിടെ മറ്റൊരു പ്രധാന കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ഒരു കാര്യം ജൈവപരമായി സ്വാധീനിക്കപ്പെടുന്നു എന്ന് തെളിയിക്കപ്പെട്ടാലും അത് ധാർമികമായി ശരിയാണെന്ന് അതുകൊണ്ട് തെളിയിക്കപ്പെടുന്നില്ല. ഉദാഹരണത്തിന്; മനുഷ്യർക്ക് ദേഷ്യം, അസൂയ, അക്രമവാസന എന്നിവ സ്വാഭാവികമാണ്. എന്നാൽ ഇവയെല്ലാം ധാർമികമായി അംഗീകരിക്കപ്പെടണമെന്നില്ല.

അതിനാൽ 'ഒരു പ്രവണതയ്ക്ക് ജൈവ ഘടകങ്ങളുണ്ട്' എന്നതും

**ഒരു മുസ്‌ലിമിന് സത്യത്തിന്റെ മാനദണ്ഡം മനുഷ്യരുടെ മാറിക്കൊണ്ടിരിക്കുന്ന അഭിപ്രായങ്ങളല്ല; അല്ലാഹുവിന്റെ മാറ്റമില്ലാത്ത മാർഗനിർദേശമാണ്. ലോകർ ഒരു കാര്യം സാധാരണമാക്കുകയും നിയമവിധേയമാക്കുകയും ആഘോഷിക്കുകയും ചെയ്താലും, അല്ലാഹു ഹറാമാക്കിയതിനെ ഹലാലായി കാണാൻ ഒരു വിശ്വാസിക്ക് സാധ്യമല്ല. കാരണം ഒരു മുസ്‌ലിമിന്റെ ലക്ഷ്യം ജനങ്ങളുടെ അംഗീകാരമല്ല, അല്ലാഹുവിന്റെ പ്രീതിയാണ്.**

'ആ പ്രവണത ധാർമികമായി ശരിയാണ്' എന്നതും രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. ശാസ്ത്രത്തിന് ഒന്നാമത്തെതിനെക്കുറിച്ച് അഭിപ്രായം പറയാൻ കഴിയും. രണ്ടാമത്തെത് ധാർമികതയുടെയും തത്വചിന്തയുടെയും മതത്തിന്റെയും മേഖലയാണ്. അതിൽ ശാസ്ത്രത്തിന് ഇടപെടാൻ കഴിയില്ല.

**ട്രാൻസ്ജെൻഡറും ഇന്റർസെക്സും**

LGBTQIA+ സംബന്ധമായ സമകാലിക ചർച്ചകളിൽ ഏറ്റവും കൂടുതൽ ആശയക്കുഴപ്പം നിലനിൽക്കുന്ന വിഷയങ്ങളാണ് ട്രാൻസ്ജെൻഡർ, ഇന്റർസെക്സ് എന്നിവ. പൊതുചർച്ചകളിലും മാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും പലപ്പോഴും ഈ രണ്ട് വിഭാഗങ്ങളെയും ഒരുപോലെയാണ് അവതരിപ്പിക്കാറുള്ളത്. എന്നാൽ വൈദ്യശാസ്ത്രപരമായും സാമൂഹികമായും ഇസ്‌ലാമികമായും ഇവ രണ്ടും വ്യത്യസ്തമായ ആശയങ്ങളാണ്. ഈ വ്യത്യാസം മനസ്സിലാക്കാതെ ഇസ്‌ലാമിന്റെ നിലപാട് മനസ്സിലാക്കാൻ കഴിയില്ല.

ഇന്റർസെക്സ് എന്നത് ഒരു വ്യക്തി ജനിക്കുമ്പോൾതന്നെ അവന്റെ ജൈവപരമായ ലൈംഗിക സവിശേഷതകൾ (biological sex characteristics) സാധാരണ പുരുഷൻ അല്ലെങ്കിൽ സ്ത്രീ എന്ന വിഭാഗ ത്തിൽ വ്യക്തമായി ഉൾപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണ്. ഇതിൽ ഉൾപ്പെടാവുന്ന ചില സാഹചര്യങ്ങൾ:

- അസാധാരണമായ ജനനേന്ദ്രിയ രൂപഘടന.
- ക്രോമസോം വ്യതിയാനങ്ങൾ.
- ഹോർമോൺ അസന്തുലിതാവസ്ഥകൾ.
- പുരുഷന്റെയും സ്ത്രീയുടെയും ചില ശാരീരിക സവിശേഷതകൾ ഒരുമിച്ച് കാണപ്പെടുന്ന അവസ്ഥകൾ.

ഇന്റർസെക്സ് ഒരു 'ഐഡന്റിറ്റി' അല്ല. അത് ഒരു ജൈവ-വൈദ്യശാസ്ത്രപരമായ അവസ്ഥയാണ്. ഇത് മനുഷ്യന്റെ തിരഞ്ഞെടുപ്പിന്റെ ഫലമല്ല. ഒരാൾ ഇന്റർസെക്സായി ജനിക്കുന്നതാണ്. ഇസ്‌ലാമിക നിയമശാസ്ത്രത്തിൽ ഇന്റർസെക്സ് വ്യക്തികളെ 'ഖുൻസ' എന്നാണ് വിളിക്കുന്നത്. ഇത് ആധുനിക വൈദ്യശാസ്ത്രം വികസിക്കുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ മുസ്‌ലിം പണ്ഡിതന്മാർ ചർച്ച ചെയ്ത വിഷയമാണ്. കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ 'ഖുൻസ' സംഘടിത നമസ്കാരത്തിൽ എവിടെ നിൽക്കണം, അനന്തരാവകാശത്തിൽ എന്ത് വിഹിതം ലഭിക്കും, അവരുടെ വിവാഹവുമായി ബന്ധപ്പെട്ട നിയമങ്ങൾ എന്തൊക്കെയാണ് എന്നൊക്കെ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ഇത് ഇന്റർസെക്സ് വ്യക്തികളുടെ അസ്തിത്വം ഇസ്‌ലാം അംഗീകരിച്ചിരുന്നുവെന്നും അവരുടെ അവസ്ഥയ്ക്ക് പ്രത്യേക നിയമപരമായ പരിഗണന നൽകിയിരുന്നുവെന്നും കാണിക്കുന്നു.

'ട്രാൻസ്ജെൻഡർ' എന്നത് ജനനസമയത്ത് നിർണയിക്കപ്പെട്ട ജൈവലിംഗവും (biological sex) വ്യക്തിയുടെ സ്വയം തിരിച്ചറിയുന്ന ലിംഗസ്വത്വവും (gender identity) തമ്മിൽ പൊരുത്തക്കേടുണ്ടെന്ന് കരുതുന്ന വ്യക്തിയെയാണ് സൂചിപ്പിക്കുന്നത്. ഉദാഹരണത്തിന്, പുരുഷനായി ജനിച്ച ഒരാൾ സ്വയം സ്ത്രീയാണെന്ന് വിശ്വസിക്കുക; അല്ലെങ്കിൽ സ്ത്രീയായി ജനിച്ച ഒരാൾ സ്വയം പുരുഷനാണെന്ന് വിശ്വസിക്കുക. ഇവിടെ വ്യക്തിയുടെ ജൈവഘടന സാധാരണ പുരുഷനോ സ്ത്രീയോ

ആയിരിക്കാം. എന്നാൽ വ്യക്തി തന്റെ സ്വത്വത്തെ വ്യത്യസ്തമായി മനസ്സിലാക്കുന്നു. അതിനാൽ ട്രാൻസ്ജെൻഡർ എന്നത് പ്രധാനമായും ലിംഗസ്വത്വവുമായി ബന്ധപ്പെട്ട ആശയമാണ്; ഇന്റർസെക്സ് എന്നത് ജൈവാവസ്ഥയാണ്.

**ലിംഗമാറ്റ ശസ്ത്രക്രിയയെക്കുറിച്ചുള്ള ഇസ്‌ലാമിക നിലപാട്**

*1) ഇന്റർസെക്സ് വ്യക്തികൾ:* ഒരു വ്യക്തിയുടെ ജൈവലിംഗം വ്യക്തമായി നിർണയിക്കാൻ കഴിയാത്ത അവസ്ഥയാണെങ്കിൽ മെഡിക്കൽ പരിശോധനകളുടെ അടിസ്ഥാനത്തിൽ ലിംഗം വ്യക്തതപ്പെടുത്തുന്നതിനുള്ള ചികിത്സകൾ അനുവദനീയമാണെന്ന് നിരവധി സമകാലിക പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. കാരണം ഇത് ഒരു പുതിയ ലിംഗം സൃഷ്ടിക്കുന്നതല്ല; മറിച്ച് യഥാർഥ ജൈവാവസ്ഥ വ്യക്തമാക്കുകയാണ്.

*2) സാധാരണ പുരുഷനോ സ്ത്രീയോ ആയ വ്യക്തി:* ഒരു വ്യക്തി തന്റെ ജൈവലിംഗം മാറ്റാൻ ശസ്ത്രക്രിയ നടത്തുന്നത് അനുവദനീയമല്ല എന്ന നിലപാടാണ് പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ളത്.

ചുരുക്കത്തിൽ; ഈ വിഷയം കേവലം LGBTQIA+യെക്കുറിച്ചുള്ള ഒരു ചർച്ച മാത്രമല്ല. മനുഷ്യൻ ആരാണ്, അവന്റെ സ്വഭാവം എന്താണ്, അവനെ സൃഷ്ടിച്ചത് ആരാണ്, അവന്റെ ജീവിതത്തിന് മാനദണ്ഡം നിശ്ചയിക്കുന്നത് ആരാണ് എന്നൊക്കെയുള്ള അടിസ്ഥാന ചോദ്യങ്ങളുമായി ബന്ധപ്പെട്ട ഒരു സംവാദമാണിത്. 'എനിക്ക് എന്ത് തോന്നുന്നുവോ അതാണ് ഞാൻ' എന്ന ആശയം സമൂഹത്തിൽ ശക്തിപ്പെടുമ്പോൾ, ലിംഗത്തിന്റെയും മനുഷ്യസ്വത്വത്തിന്റെയും അതിരുകൾ ക്രമേണ മാഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരുകാലത്ത് പുരുഷനും സ്ത്രീയും എന്ന രണ്ട് അടിസ്ഥാന യാഥാർഥ്യങ്ങൾ മാത്രം ചർച്ച ചെയ്തിരുന്ന സമൂഹം ഇന്ന് അനന്തമായ ലിംഗസ്വത്വങ്ങളെയും വ്യക്തിപരമായ തിരിച്ചറിയലുകളെയും അംഗീകരിക്കണ മെന്ന് ആവശ്യപ്പെടുന്ന അവസ്ഥയിലെത്തിയിരിക്കുന്നു.

ചില പാശ്ചാത്യ സമൂഹങ്ങളിൽ മനുഷ്യൻ തന്റെ ജൈവ യാഥാർഥ്യത്തിൽനിന്ന് പോലും അകന്ന് മൃഗങ്ങളായോ സാങ്കൽപിക സ്വത്വങ്ങളായോ സ്വയം തിരിച്ചറിയുന്ന പ്രവണതകൾവരെ കാണപ്പെടുന്നു. മനുഷ്യന്റെ ആഗ്രഹങ്ങളെയും വികാരങ്ങളെയും പരമാധികാരമാക്കിയാൽ ഒടുവിൽ സത്യത്തിന്റെയും അസത്യത്തിന്റെയും, പ്രകൃതിയുടെയും വികൃതിയുടെയും, യാഥാർഥ്യത്തിന്റെയും ഭാവനയുടെയും അതിരുകൾ തന്നെ ഇല്ലാതാകുമെന്നതിന്റെ മുന്നറിയിപ്പായാണ് പലരും ഇതിനെ കാണുന്നത്.

എന്നാൽ ഒരു മുസ്‌ലിമിന് സത്യത്തിന്റെ മാനദണ്ഡം മനുഷ്യരുടെ മാറിക്കൊണ്ടിരിക്കുന്ന അഭിപ്രായങ്ങളല്ല; അല്ലാഹുവിന്റെ മാറ്റമില്ലാത്ത മാർഗനിർദേശമാണ്. ലോകർ ഒരു കാര്യം സാധാരണമാക്കുകയും നിയമവിധേയമാക്കുകയും ആഘോഷിക്കുകയും ചെയ്താലും, അല്ലാഹു ഹറാമാക്കിയതിനെ ഹലാലായി കാണാൻ ഒരു വിശ്വാസിക്ക് സാധ്യമല്ല. കാരണം ഒരു മുസ്‌ലിമിന്റെ ലക്ഷ്യം ജനങ്ങളുടെ അംഗീകാരമല്ല, അല്ലാഹുവിന്റെ പ്രീതിയാണ്.

ക്വുർആൻ പഠിപ്പിക്കുന്നത് പോലെ, ഭൂമിയിലുള്ള ഭൂരിപക്ഷം ആളുകൾ ഒരു വഴിയിലാണെന്നത് ആ വഴി സത്യമാണെന്നതിന് തെളിവല്ല. അതിനാൽ പ്രലോഭനങ്ങളും സമ്മർദങ്ങളും ആശയക്കുഴപ്പങ്ങളും നിറഞ്ഞ ഈ കാലഘട്ടത്തിൽ ഒരു വിശ്വാസിയുടെ ദൗത്യം തന്റെ ശുദ്ധ പ്രകൃതിയെ സംരക്ഷിക്കുകയും, അല്ലാഹു നിശ്ചയിച്ച അതിരുകൾ കാത്തുസൂക്ഷിക്കുകയും, കരുണയോടെയും ജ്ഞാനത്തോടെയും സത്യം പറയുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ മാർഗനിർദേശമാണ് മനുഷ്യനെ യഥാർഥ അന്തസ്സിലേക്കും വിജയത്തിലേക്കും നയിക്കുന്നത്; അതിൽനിന്ന് അകലുന്ന ഓരോ ചുവടും മനുഷ്യനെ അവന്റെ യഥാർഥ ലക്ഷ്യത്തിൽനിന്ന് അകറ്റിക്കൊണ്ടേയിരിക്കും. അത്തരം ഘട്ടത്തിൽ സത്യത്തിൽ ഉറച്ചുനിൽക്കുക എന്നത് ഒരു ബൗദ്ധിക നിലപാട് മാത്രമല്ല, ഒരു മഹത്തായ ഇബാദത്തും ഈമാനിന്റെ അടയാളവുമാണ്. ■



# വീട് അനുഗൃഹീതമാകണോ?

അബ്ദു റഊഫ് അൽഹികമി

സുരക്ഷയ്ക്കും സന്തോഷത്തിനും വിശ്രമത്തിനും വേണ്ടി അല്ലാഹു നമുക്ക് നൽകിയ വലിയൊരു അനുഗ്രഹമാണ് നമ്മുടെ ഭവനം. “അല്ലാഹു നിങ്ങൾക്കു നിങ്ങളുടെ വീടുകളെ വിശ്രമസ്ഥാനമാക്കിയിരിക്കുന്നു” (ക്വുർആൻ 16:80).

‘വീട്’ എന്നത് അനുഗ്രഹങ്ങൾ നിറഞ്ഞ സമാധാനത്തിന്റെ കേന്ദ്രമാണ്. എന്നാൽ ഇന്ന് പല വീടുകളിലും ശാന്തിയും സമാധാനവും ഐശ്വര്യവും (ബറകത്ത്) നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. ഇസ്‌ലാമിക അധ്യാപനങ്ങളിൽനിന്നുള്ള അകൽച്ചയും മതവിരുദ്ധമായ കാര്യങ്ങൾ ജീവിതത്തിലേക്ക് കടന്നുകൂടിയതുമാണ് ഇതിന് പ്രധാന കാരണം

ഇന്നത്തെ വീടുകളിൽ ബിഗ് സ്‌ക്രീനുകളും സാറ്റലൈറ്റ് ചാനലുകളും നിറഞ്ഞിരിക്കുന്നു. മുൻഗാമികൾ അറിയാത്തതും അനുഭവിക്കാത്തതുമായ ഒരുപാട് അനുഗ്രഹങ്ങൾ നമുക്കു നൽകപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ അനുഗ്രങ്ങൾ ആസ്വദിക്കുന്ന നമുക്ക് എങ്ങനെയൊക്കെയോ ബറകത്ത് കുറഞ്ഞിരിക്കുന്നു. എത്ര സമ്പാദിച്ചാലും നമുക്ക് മതിയാകുന്നില്ല, ആരോഗ്യം ക്ഷയിക്കുന്നു, മുൻഗാമികളിൽ കാണാത്ത രോഗങ്ങൾ പിടിപെടുന്നു; ആകെ തിരക്കാണ്, സമയം മതിയാകുന്നില്ല...

ഇത്തരത്തിൽ സമയത്തിലും സമ്പത്തിലും ജോലിയിലും കുടുംബത്തിലും എവിടെയും ബറകത്തില്ലാത്ത അവസ്ഥ അനുഭവിക്കുണ്ടോ? എങ്കിൽ നമ്മുടെ ഭവനങ്ങളിൽ ബറകത്ത് ലഭിക്കുന്ന വഴികൾ മനസ്സിലാക്കി അവയിൽ ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാണ്. നമ്മുടെ വീടുകളിൽ എങ്ങനെ ബറകത്തും നന്മയു ആശ്വാസവും സമാധാനവും നിറക്കാം?

**1. സൂക്ഷ്മതയോടെ ജീവിക്കുക**

അല്ലാഹു നിർബന്ധമായും ചെയ്യാൻ പറഞ്ഞ കര്യങ്ങൾ നിർവഹിച്ചുകൊണ്ടും ഹറാമായ കാര്യങ്ങളി ൽനിന്ന് ഒഴിവായിക്കൊണ്ടും ഹലാലായ മാർഗത്തിലൂടെ സമ്പാദിച്ചുകൊണ്ടും സൂക്ഷ്മതയോടുകൂടിയ ജീവിതം നയി

ക്കുന്ന ഭവനങ്ങളിൽ അല്ലാഹുവിന്റെ ബറകത്ത് ഉണ്ടാകും എന്നാണ് വിശുദ്ധ ക്വുർആനിന്റെ അധ്യാപനം.

“ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നാം അവർക്ക് അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷേ, അവർ നിഷേധിച്ചുതള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്തുവെച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി” (ക്വുർആൻ 7:96).

**2. വീട്ടിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിനെ ഓർക്കുക**

ജാബിർ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: “ഒരാൾ തന്റെ വീട്ടിൽ പ്രവേശിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിനെ സ്മരിക്കുകയാണെങ്കിൽ (ബിസ്മി ചൊല്ലിയാൽ) പിശാച് (അവന്റെ കൂട്ടാളികളോട്) പറയും: ‘നിങ്ങൾക്കിവിടെ രാപ്പാർക്കാൻ ഇടമില്ല, ഭക്ഷണവുമില്ല.’ എന്നാൽ ഒരാൾ വീട്ടിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിനെ സ്മരിക്കാതിരുന്നാൽ പിശാച് പറയും: ‘നിങ്ങൾക്കിവിടെ രാപ്പാർക്കാൻ ഇടം ലഭിച്ചിരിക്കുന്നു.’ അദ്ദേഹം ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിനെ സ്മരിക്കാതിരുന്നാൽ പിശാച് പറയും: ‘നിങ്ങൾക്കിവിടെ താമസിക്കാനുള്ള ഇടവും ഭക്ഷണവും ലഭിച്ചിരിക്കുന്നു” (സ്വഹീഹു മുസ്‌ലിം).

അല്ലാഹു സ്മരിക്കപ്പെടുന്ന വീടിനെ പ്രവാചകൻ(സ്വ) ഉപമിച്ചത് കാണുക: “അല്ലാഹുവിനെ സ്മരിക്കുന്ന വീടിന്റെയും സ്മരിക്കാത്ത വീടിന്റെയും ഉദാഹരണം ജീവിച്ചിരിക്കുന്നവനെയും മരിച്ചവനെയും പോലെയാണ്” (സ്വഹീഹു മുസ്‌ലിം).

നമ്മുടെ വീടുകളിൽ ബറകത്ത് നിറയേണ്ടത് ചുമരുകളിലെ അലങ്കാരങ്ങൾ കൊണ്ടല്ല, മറിച്ച് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണകൾ കൊണ്ടാണ്. ആഡംബരങ്ങളെക്കാൾ പ്രധാനം ആത്മീയമായ ഉണർവാണെന്ന് നാം മനസ്സിലാക്കണം.

മനുഷ്യരുടെ കണ്ണിൽ സാധാരണമായ ഒരു വീട്, എന്നാൽ അതിൽ അല്ലാഹു സ്മരിക്കപ്പെടുന്നുണ്ടെ ങ്കിൽ ആകാശലോകത്തുള്ളവർക്ക് അത് നക്ഷത്രത്തെപ്പോലെ പ്രകാശിക്കുന്ന ഒന്നായിരിക്കും. അതിനാൽ, നമ്മുടെ വീടുകളെ വെറും കെട്ടിടങ്ങളാക്കി മാറ്റാനല്ല, അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണകൊണ്ട് ധന്യമായ ഇടങ്ങളാക്കി മാറ്റാനാണ് നാം പരിശ്രമിക്കേണ്ടത്.

**3. വീട്ടിലുള്ളവരോട് സലാം പറയൽ**

വിശുദ്ധ ക്വുർആനിൽ ഒന്നിലധികം തവണ എടുത്തുപറഞ്ഞ വിഷയമാണ് വീട്ടിലുള്ളവരോട് സലാം പറയുക എന്നത്. അല്ലാഹു പറയുന്നു: “ഹേ; സത്യവിശ്വാസികളേ, നിങ്ങളുടെതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്, നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ (ഇതു പറയുന്നത്)” (ക്വുർആൻ 24:27).

“എന്നാൽ നിങ്ങൾ വല്ല വീടുകളിലും പ്രവേശിക്കുകയാണെങ്കിൽ അല്ലാഹുവിങ്കൽനിന്നുള്ള അനുഗൃഹീതവും പാവനവുമായ ഒരു ഉപചാരമെന്ന നിലയിൽ നിങ്ങൾ അന്യോന്യം സലാം പറയണം” (24:61).

വീട്ടിൽ ചെല്ലുമ്പോൾ സലാം പറയുന്നത് ചെറിയ കാര്യമായി തോന്നാമെങ്കിലും, അതിലൂടെ വീടുകളിൽ ബറകത്തും സ്നേഹവും അല്ലാഹുവിന്റെ സ്മരണയും നിറയുന്നു. സലാം പറയുന്ന വീടുകൾ ജീവിക്കുന്ന ഹൃദയങ്ങളുള്ള വീടുകളാണ്. സലാമിന് ഏറ്റവും അർഹമായ വീട് സ്വന്തം വീടാണ്; സലാം വ്യാപിപ്പിക്കേണ്ടവരിൽ ഏറ്റവും പ്രഥമർ നമ്മുടെ കുടുംബാംഗങ്ങളാണ്.

അനസ്(റ) പറയുന്നു: റസൂൽ(സ്വ) എന്നോട് പറഞ്ഞു: “എന്റെ പ്രിയ മകനേ, നീ നിന്റെ വീട്ടുകാരുടെ അടുക്കൽ പ്രവേശിക്കുമ്പോൾ സലാം പറയുക; അത് നിനക്കും നിന്റെ വീട്ടുകാർക്കും ബറക്കത്തായിരിക്കും” (തിർമിദി).

ചില ആളുകൾ അന്യരെ വലിയ സ്നേഹത്തോടെ അഭിവാദ്യം ചെയ്യും. എന്നാൽ സ്വന്തം വീട്ടിൽ പ്രവേശിക്കുമ്പോൾ സലാം പറയാൻ മടിക്കും. യഥാർഥത്തിൽ ഏറ്റവും കൂടുതൽ ബറകത്ത് അർഹിക്കുന്നത് സ്വന്തം വീടും ഭാര്യയും മക്കളുമല്ലേ?

ശൈഖ് അഹ്മദ് ഈസ അൽമഅ്സറാവി പറയുന്നു: “ഇന്ന് ആളുകൾ ‘അസ്സലാമു അലൈക്കും’ എന്ന് മാത്രം പറയുന്നു; ‘വറഹ്മതുല്ലാഹി വബറകാതുഹു’ എന്നു പൂർണമായി പറയുന്നത് വിട്ടുപോയി. അതിനാലാണ് ജീവിതത്തിലെ പല മേഖലകളിൽനിന്നും റഹ്മത്തും ബറകത്തും നഷ്ടപ്പെട്ട് പോകുന്നത്.”

(തുടരും)

# സൂറ: അശ്ശുഅറാഅ്

കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قَالَ لَهُم مُّوسَىٰٓ أَلْقُوا۟ مَآ أَنتُم مُّلْقُونَ ﴿٤٣﴾

43 മൂസാ അവരോട് പറഞ്ഞു: 'നിങ്ങൾക്ക് ഇടാനുള്ളതെല്ലാം നിങ്ങൾ ഇട്ടുകൊള്ളുക.'

فَأَلْقَوْا۟ حِبَالَهُمْ وَعِصِيَّهُمْ وَقَالُوا۟ بِعِزَّةِ فِرْعَوْنَ إِنَّا لَنَحْنُ ٱلْغَٰلِبُونَ ﴿٤٤﴾

44 അപ്പോൾ തങ്ങളുടെ കയറുകളും വടികളും അവർ ഇട്ടു. അവർ പറയുകയും ചെയ്തു: 'ഫിർഔന്റെ പ്രതാപം തന്നെയാണെ സത്യം! തീർച്ചയായും ഞങ്ങൾ തന്നെയായിരിക്കും വിജയികൾ.'

فَأَلْقَىٰ مُوسَىٰ عَصَاهُ فَإِذَا هِىَ تَلْقَفُ مَا يَأْفِكُونَ ﴿٤٥﴾

45 അനന്തരം മൂസാ തന്റെ വടി താഴെയിട്ടു. അപ്പോഴതാ അത് അവർ വ്യാജമായി നിർമിച്ചിരുന്നതിനെയെല്ലാം വിഴുങ്ങിക്കളയുന്നു.

*43-45. (മൂസാ അവരോട് പറഞ്ഞു: നിങ്ങൾക്ക് ഇടാനുള്ളതെല്ലാം നിങ്ങൾ ഇട്ടുകൊള്ളുക) നിങ്ങൾ ഇടണമെന്ന് നിങ്ങൾക്ക് തോന്നുന്നതെന്തും നിങ്ങൾ എറിയുക. സത്യത്തെ എതിർക്കാൻ അവർ കൊണ്ടുവരുന്നതെല്ലാം പരാജയപ്പെടുമെന്ന് അദ്ദേഹത്തിന് ഉറപ്പുള്ളതിനാൽ അദ്ദേഹം നിബന്ധനകളൊന്നും നിശ്ചയിച്ചില്ല. അപ്പോൾ തങ്ങളുടെ വടികളും കയറുകളും അവരിട്ടു. അപ്പോഴതാ, അവ ഇഴയുന്ന പാമ്പുകളായി മാറി. അതുമൂലം അവർ ആളുകളുടെ കണ്ണുകളെ വശീകരിച്ചതായിരുന്നു. (അവർ പറയുകയും ചെയ്തു: ഫിർഔനിന്റെ പ്രതാപം തന്നെയാണ് സത്യം! തീർച്ചയായും ഞങ്ങൾ തന്നെയായിരിക്കും വിജയികൾ) ഒരു മേഖലയിലും കഴിവില്ലാത്ത ഒരു ദുർബലനായ അടിമയുടെ ശക്തിയാൽ അവർ സഹായം തേടി. അവൻ അഹങ്കാരം കാണിച്ചതാണ്. സൈന്യങ്ങളുള്ള ഒരു രാജാവ് മാത്രമാണവർ. ആ പ്രൗഢികൾ അവരെ വഞ്ചിച്ചു. കാര്യത്തിന്റെ യാഥാർഥ്യം കാണാൻ അവർക്കായില്ല. അല്ലെങ്കിൽ തങ്ങൾ ഫിർഔനിന്റെ ശക്തികൊണ്ട് ജയിക്കുമെന്ന് അവർ സത്യം ചെയ്യുകയായിരിക്കാം. (അനന്തരം മൂസാ തന്റെ വടി താഴെയിട്ടു. അപ്പോഴതാ അത് അവർ വ്യാജമായി നിർമിച്ചതിനെയെല്ലാം വിഴുങ്ങിക്കളയുന്നു) അപ്പോൾ അവർ കയറുകൊണ്ടും വടികൊണ്ടും ഉണ്ടാക്കിവിട്ടത് വിഴുങ്ങിക്കളഞ്ഞു. കാരണം അത് കെട്ടിച്ചമച്ചതും വ്യാജവുമായിരുന്നു. അതെല്ലാം വ്യാജമാണ്. സത്യത്തിന് എതിരായി നിൽക്കാനോ അതിനെ എതിരിടാനോ അതിനാവില്ല.*

فَأُلْقِيَ السَّحَرَةُ سَاجِدِينَ ﴿٤٦﴾

46 അപ്പോൾ ജാലവിദ്യക്കാർ സാഷ്ടാംഗത്തിലായി വീണു.

قَالُوا آمَنَّا بِرَبِّ الْعَالَمِينَ ﴿٤٧﴾

47 അവർ പറഞ്ഞു: 'ലോകരക്ഷിതാവിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു.'

رَبِّ مُوسَىٰ وَهَارُونَ ﴿٤٨﴾

48 'അതായത് മൂസായുടെയും ഹാറൂനിന്റെയും രക്ഷിതാവിൽ.'

*46-48. മന്ത്രവാദികൾക്ക് ഈ വലിയ ദൃഷ്ടാന്തം കണ്ടപ്പോൾ ഇത് മാന്ത്രികമല്ലെന്ന് ബോധ്യപ്പെട്ടു. അത് മൂസാ നബി(അ)യുടെ ആത്മാർഥതയിലേക്കും അദ്ദേഹം കൊണ്ടുവന്ന സന്ദേശത്തിന്റെ സത്യസന്ധതയിലേക്കും വിരൽ ചൂണ്ടുന്ന അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഒന്നായിരുന്നു. (അപ്പോൾ ജാലവിദ്യക്കാർ സാഷ്ടാംഗത്തിൽ വീണു) തങ്ങളുടെ രക്ഷിതാവിന്. (അവർ പറഞ്ഞു: ലോകരക്ഷിതാവിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതായത് മൂസായുടെയും ഹാറൂനിന്റെയും രക്ഷിതാവിൽ) അങ്ങനെ ആ സമ്മേളനത്തിൽ അസത്യം പരാജയപ്പെട്ടു. അസത്യത്തിന്റെ നേതാക്കൾ സത്യത അംഗീകരിച്ചു. കണ്ണുകൊണ്ട് കാണുന്നവർക്ക് എല്ലാം കണ്ട് ബോധ്യപ്പെടത്തക്കവിധം സത്യം വ്യക്തമാവുകയും വിജയിക്കുകയും ചെയ്തു.*

قَالَ آمَنتُمْ لَهُ قَبْلَ أَنْ آذَنَ لَكُمْ ۖ إِنَّهُ لَكَبِيرُكُمُ الَّذِي عَلَّمَكُمُ السِّحْرَ فَلَسَوْفَ تَعْلَمُونَ ۚ
لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَافٍ وَلَأُصَلِّبَنَّكُمْ أَجْمَعِينَ ﴿٤٩﴾

49 അവൻ (ഫിർഔൻ) പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് അനുവാദം തരുന്നതിന് മുമ്പായി നിങ്ങൾ അവനിൽ വിശ്വസിച്ചുവെന്നോ? തീർച്ചയായും ഇവൻ നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ച നിങ്ങളുടെ തലവൻ തന്നെയാണ്. വഴിയെ നിങ്ങൾ അറിഞ്ഞുകൊള്ളും. തീർച്ചയായും നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും എതിർവശങ്ങളിൽനിന്നായിക്കൊണ്ട് ഞാൻ മുറിച്ചുകളയുകയും നിങ്ങളെ മുഴുവൻ ഞാൻ ക്രൂശിക്കുകയും ചെയ്യുന്നതാണ്.

قَالُوا لَا ضَيْرَ ۖ إِنَّا إِلَىٰ رَبِّنَا مُنقَلِبُونَ ﴿٥٠﴾

50 അവർ പറഞ്ഞു: 'കുഴപ്പമില്ല. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് മടങ്ങിപ്പോകുന്നവരാകുന്നു.'

إِنَّا نَطْمَعُ أَن يَغْفِرَ لَنَا رَبُّنَا خَطَايَانَا أَن كُنَّا أَوَّلَ الْمُؤْمِنِينَ ﴿٥١﴾

51 ഞങ്ങൾ ആദ്യമായി വിശ്വസിച്ചവരായതിനാൽ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളുടെ രക്ഷിതാവ് ഞങ്ങൾക്ക് പൊറുത്തുതരുമെന്ന് ഞങ്ങൾ ആശിക്കുന്നു.'

*49-51. എന്നാൽ ഫിർഔൻ തന്റെ ശാഠ്യത്തിലും വഴികേടിലും ഉറച്ചുനിന്നു. അവൻ ജാലവിദ്യക്കാരോട് പറഞ്ഞു: (ഞാൻ നിങ്ങൾക്ക് അനുവാദം തരുന്നതിന് മുമ്പായി നിങ്ങൾ അവനിൽ വിശ്വസിച്ചുവെന്നോ?) അവരും അവന്റെ ആളുകളും അവനോട് കാണിച്ച ചങ്കൂറ്റവും അവന്റെ അനുവാദമോ നിർദേശമോ കൂടാതെ വിശ്വസിക്കാനുള്ള ധൈര്യവും കണ്ട് അവൻ അമ്പരന്നു. (തീർച്ചയായും ഇവൻ നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ച നിങ്ങളുടെ തലവൻ തന്നെയാണ്) അവൻ നിങ്ങളുടെ യജമാനനായിരിക്കാം; നിങ്ങൾക്ക് മാന്ത്രികവിദ്യ പഠിപ്പിച്ചവൻ. ജാലവിദ്യക്കാരെ ഒരുമിച്ചുകൂട്ടിയത് അവനായിരുന്നു എന്ന യാഥാർഥ്യം നിലനിൽക്കെ തന്നെ! എല്ലാ നഗരങ്ങളിൽനിന്നുമുള്ള ജാലവിദ്യക്കാരെ ഒരുമിച്ചുകൂട്ടാൻ അവനെ ഉപദേശിച്ചത് അവന്റെ പ്രമാണിമാരായിരുന്നു. ജാലവിദ്യക്കാർ മൂസാനബിയെ മുമ്പ് കണ്ടിട്ടില്ലെന്നും കാണികളെ അമ്പരപ്പിക്കുകയും വിസ്മയിപ്പിക്കുകയും ചെയ്യുന്ന ജാലവിദ്യ അവർ കാണിച്ചിട്ടുണ്ട് എന്നും ഫിർഔനിന്നും അവന്റെ പ്രധാനികൾക്കും അറിയാം. എന്നിട്ടും പറഞ്ഞത് അവർ അംഗീകരിച്ചു. ഇങ്ങനെ ചിന്തിക്കുന്ന ആളുകൾ വ്യക്തമായ തെളിവുകൾ കണ്ടിട്ടും വിശ്വസിക്കാത്തതിൽ അത്ഭുതമില്ല. ഫിർഔൻ അവരോട് എന്തുപറഞ്ഞാലും അവർ വിശ്വസിക്കും; യാഥാർഥ്യത്തിന് വിരുദ്ധമായാലും. തുടർന്ന് ഫിർഔൻ ജാലവിദ്യക്കാരെ ഭീഷണിപ്പെടുത്തി: (തീർച്ചയായും നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും എതിർവശങ്ങളിൽനിന്നായി ക്കൊണ്ട് ഞാൻ മുറിച്ചുകളയും) നാട്ടിൽ കുഴപ്പമുണ്ടാക്കുന്നവരെ ചെയ്യുന്ന പോലെ. നിങ്ങളുടെ കൈകളും കാലുകളും എതിർവശങ്ങളിലായി, അതായത് വലത് കൈയും ഇടതുകാലും ഞാൻ ഛേദിച്ചുകളയും. എന്നിട്ട് നിങ്ങളെ എല്ലാവരെയും ഞാൻ ക്രൂശിക്കും. അങ്ങനെ നിങ്ങൾ അപമാനിതരും നിന്ദ്യരുമായിത്തീരും. എന്നാൽ വിശ്വാസത്തിന്റെ മാധുര്യം ആസ്വദിച്ച ജാലവിദ്യക്കാർ പറഞ്ഞു: (കുഴപ്പമില്ല) നീ ഞങ്ങളെ ഭീഷണിപ്പെടുത്തുന്നത് ഞങ്ങൾ കാര്യമാക്കുന്നില്ല. (ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് മടങ്ങിപ്പോകുന്നവരാകുന്നു) സത്യനിഷേധം, മന്ത്രവാദം തുടങ്ങിയ (ഞങ്ങളുടെ പാപങ്ങൾ ഞങ്ങളുടെ രക്ഷിതാവ് പൊറുക്കുമെന്ന് തീർച്ചയായും ഞങ്ങൾ പ്രതീക്ഷിക്കുന്നു). (ഞങ്ങൾ ആദ്യമായി വിശ്വസിച്ചവരായതിനാൽ) ഈ സൈന്യത്തിൽനിന്ന് ആദ്യമായി മൂസായിൽ വിശ്വസിച്ചവരാണ്. അതിനാൽ അല്ലാഹു അവരെ ഉറപ്പിച്ചുനിർത്തുകയും അവർക്ക് ക്ഷമ നൽകുകയും ചെയ്തു. ഫിർഔൻ തന്റെ ഭീഷണി അവർക്കെതിരെ പ്രയോഗിച്ചത് അതിനുള്ള അധികാരം അവനുള്ളതുകൊണ്ടാവാം. അല്ലാഹു അവനിൽനിന്നും അവരെ സംരക്ഷിച്ചതുമാകാം. അങ്ങനെ ഫിർഔനും അവന്റെ ജനതയും അവിശ്വാസത്തിൽ ഉറച്ചുനിന്നു. മൂസാ(അ) അവർക്ക് വ്യക്തമായ ദൃഷ്ടാന്തങ്ങൾ കൊണ്ടുവന്നുകൊടുത്തു. ഓരോ ദൃഷ്ടാന്തവും അവരിൽ വലിയ സ്വാധീനങ്ങൾ ഉണ്ടാക്കുമ്പോഴും അവർ മൂസാനബിക്ക് വാഗ്ദാനങ്ങൾ നൽകി; അല്ലാഹു തങ്ങൾക്ക് ആശ്വാസം നൽകിയാൽ തങ്ങൾ അവനിൽ വിശ്വസിക്കും എന്നും ഇസ്രാഈലുകാരെ അദ്ദേഹത്തോടൊപ്പം വിട്ടയക്കുമെന്നും. എന്നാൽ അല്ലാഹു അവർക്ക് ആശ്വാസം നൽകിയാൽ അവർ ഈ കരാർ ലംഘിക്കും.*



## പിശാചിന്റെ ചതിക്കുഴികൾ 23

മതത്തിന്റെ ശരിയായ മാർഗനിർദേശങ്ങളിൽനിന്ന് മനുഷ്യനെ വഴിതെറ്റിക്കാൻ രണ്ടു രൂപത്തിലാണ് പിശാച് ഇടപെട്ടത്. ഒന്ന്, പൂർവികരായ കാക്കകാരണവന്മാരെ അന്ധമായി അനുകരിക്കുവാൻ പ്രേരിപ്പിച്ചുകൊണ്ട്. രണ്ട്, യാഥാർഥ്യങ്ങൾ അറിയാൻ കഴിയാത്ത നിഗൂഢമായ കാര്യങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടുള്ള ചർച്ചകളും അഭിപ്രായപ്രകടനങ്ങളും മുഖേന. അങ്ങനെ കാര്യങ്ങൾ ആകെ കൂട്ടിക്കുഴച്ച് ആശയക്കുഴപ്പത്തിലാക്കുവാനും അതുവഴി മനുഷ്യരെ നേർമാർഗത്തിൽനിന്ന് തെറ്റിക്കുവാനും പിശാചിന് കഴിഞ്ഞു.

അന്ധമായ അനുകരണത്തിന്റെ (തക്വ്ലീദിന്റെ) ആളുകൾക്ക് പിശാച് നൽ



# അന്ധമായ അനുകരണവും പ്രമാണനിഷേധവും

ശമീർ മദീനി
: 9048 221 212

കിയ ദുർബോധനം ഇതായിരുന്നു; ആളുകൾ ഉന്നയിക്കുന്ന തെളിവുകൾ ചിലപ്പോൾ പരസ്പരം സാദൃശ്യമുള്ളതും ആശയക്കുഴ പ്പങ്ങൾ ഉണ്ടാക്കുന്നതുമായിരിക്കും. അതിനാൽ നമുക്ക് ശരിതെറ്റുകൾ മനസ്സിലാക്കാൻ സാധിക്കാതെ വന്നേക്കും. അതുകൊണ്ട് മുൻഗാമികളെ പിൻപറ്റി ശരിതെറ്റുകൾ വിശകലനം ചെയ്യാതെ പോവുകയാണെങ്കിൽ അതായിരിക്കും ഏറ്റവും നല്ലതും സുരക്ഷിതവും.

ഈ ദുർന്യായം പറഞ്ഞ് നിരവധിയാളുകളെ വഴിതെറ്റിക്കാൻ പിശാചിന് സാധിച്ചിട്ടുണ്ട്. ജൂത-ക്രിസ്ത്യാനികളടക്കം പലരും വഴിതെറ്റി സഞ്ചരിക്കുന്നത് ഇത്തരം അന്ധമായ അനുകരണത്തിലൂടെയാണ്. വഴിതെറ്റിപ്പോയ മറ്റേത് വിഭാഗത്തിന്റെ അവസ്ഥയും ഇതിൽനിന്ന് വ്യത്യസ്തമല്ല. തന്നെക്കാൾ ദുർബലമായ സൃഷ്ടികളുടെ മുന്നിൽ ആരാധനയോടെ നിൽക്കുന്നവരും ചില പ്രത്യേക അക്കങ്ങൾക്കും വസ്തുക്ക ൾക്കുമൊക്കെ ശകുനം കാണുന്നവരും ഭാഗ്യനിർഭാഗ്യങ്ങൾ ലഭിക്കാനും നീങ്ങാനുമൊക്കെ ആരൊക്കെയോ പറഞ്ഞുകൊടുക്കുന്ന ഓരോ പ്രവൃത്തികൾ ചെയ്യുന്നവരും ഇക്കാലത്തും സമൂഹത്തിൽ ഏറെയാണ്. അറിവും വിദ്യാഭ്യാസവുമുള്ള ആളുകൾക്ക് എങ്ങനെ ഇത്രയും ബാലിശവും ബുദ്ധിശൂന്യമായ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നു എന്ന് പലപ്പോഴും ചിന്തിച്ചുപോകാറുണ്ട്.

സത്യത്തിൽ ഈ അനുകരണത്തെ സാധൂകരിക്കാൻ അവർ നിരത്തുന്ന ന്യായങ്ങൾ അവർക്കുതന്നെ തിരിച്ചടിയാണ്. കാരണം, തെളിവുകൾ പരസ്പരം സദൃശ്യവും സത്യം അവ്യക്തവുമായതിനാൽ തെളിവുകൾ പരിശോധിക്കാതെ അന്ധമായ അനുകരണത്തിന്റെ വഴി സ്വീകരിക്കലാണ് സുരക്ഷിതം എന്ന വാദം ഒരിക്കലും ശരിയാവുകയില്ല. വഴികേടിൽ അകപ്പെടാതിരിക്കാൻ കൂടുതൽ ശ്രദ്ധിക്കുകയും അന്ധമായ അനുകരണം ഒഴിവാക്കുകയുമാണ് വേണ്ടത് എന്ന് ബുദ്ധിയും വിവേകവുമുള്ള ആർക്കും മനസ്സിലാകും.

തെളിവുകളും ന്യായങ്ങളും അന്വേഷിക്കാതെ അന്ധമായി ഓരോന്നിന്റെയും പിന്നാലെ പോകുന്ന തിനെ അതിശക്തമായി അല്ലാഹു ആക്ഷേപിച്ചു പറഞ്ഞിട്ടുണ്ട്:

“നിനക്ക് അറിവില്ലാത്തയാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്” (ക്വുർആൻ 17:36).

കാക്കകാരണവന്മാരെ അന്ധമായി അനുകരിച്ചുപോന്നതിനെ വിമർശിച്ചുകൊണ്ട് അല്ലാഹു പറയുന്നു: “അതുപോലെത്തന്നെ നിനക്കു മുമ്പ് ഏതൊരു രാജ്യത്ത് നാം താക്കീതുകാരനെ അയച്ച

**ബുദ്ധിയും ചിന്തയും കയ്യൊഴിക്കലും പ്രമാണങ്ങളെ അവഗണിച്ചുകൊണ്ടുള്ള അന്ധമായ അനുകരണത്തിന്റെ രീതി സ്വീകരിക്കലും ബുദ്ധിക്കും യുക്തിക്കും അമിത പ്രാധാന്യം നൽകി മതത്തിന്റെ പല കാര്യങ്ങളിലും സന്ദേഹങ്ങളും സംശയങ്ങളും വെച്ച് പ്രമാണങ്ങളെ നിഷേധിക്കലും ദുർവ്യാഖ്യാനിക്കലും പിശാചിന്റെ കെണികൾ തന്നെയാണ്. രണ്ടു കൂട്ടരെയും പിശാച് അതിസമർഥമായി കൊണ്ടെത്തിച്ച വഴികേടിന്റെ ആഴവും പരപ്പും ഏതൊരു വിശ്വാസിയെയും ഇരുത്തിച്ചിന്തിപ്പിക്കേണ്ട ഗുരുതരമായ കാര്യങ്ങളാണ്.**

പ്പോഴും ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു; തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവരാകുന്നു. എന്ന് അവിടെയുള്ള സുഖലോലുപൻമാർ പറയാതിരുന്നിട്ടില്ല. അദ്ദേഹം താക്കീതുകാരൻ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പിതാക്കളെ ഏതൊരു മാർഗത്തിൽ കണ്ടെത്തിയോ, അതിനെക്കാളും നല്ല മാർഗം കാണിച്ചുതരുന്ന ഒരു സന്ദേശവും കൊണ്ട് ഞാൻ നിങ്ങളുടെ അടുത്ത് വന്നാലും (നിങ്ങൾ പിതാക്കളെത്തന്നെ അനുകരിക്കു കയോ?). അവർ പറഞ്ഞു; നിങ്ങൾ ഏതൊരു സന്ദേശവുംകൊണ്ട് അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ തീർച്ചയായും ഞങ്ങൾ വിശ്വാസമില്ലാത്തവരാകുന്നു" (43:23,24).

"തീർച്ചയായും അവർ തങ്ങളുടെ പിതാക്കളെ കണ്ടെത്തിയത് വഴിപിഴച്ചവരായിട്ടാണ്. അങ്ങനെ ഇവർ അവരുടെ (പിതാക്കളുടെ) കാൽപാടുകളിലൂടെ കുതിച്ചു പായുന്നു. ഇവർക്കു മുമ്പ് പൂർവികരിൽ അധികപേരും വഴിപിഴച്ചു പോകുക തന്നെയാണുണ്ടായത്" (37:69-71).

ഏതുകാലത്തെയും പ്രവാചകന്മാരുടെ എതിരാളികൾക്ക് പറയാനുണ്ടായിരുന്ന ന്യായം ഇതായിരുന്നു:

"അല്ലാഹു അവതരിപ്പിച്ചതിലേക്കും റസൂലിലേക്കും വരുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ, ഞങ്ങളുടെ പിതാക്കളെ ഏതൊരു നിലപാടിലാണോ ഞങ്ങൾ കണ്ടെത്തിയത് അതു മതി ഞങ്ങൾക്ക് എന്നായിരിക്കും അവർ പറയുക: അവരുടെ പിതാക്കൾ യാതൊന്നുമറിയാത്തവരും സൻമാർഗം പ്രാപിക്കാത്ത വരും ആയിരുന്നാൽ പോലും (അത് മതിയെന്നോ?)" (5:104).

"അല്ലാഹു അവതരിപ്പിച്ചതിനെ നിങ്ങൾ പിന്തുടരൂ എന്ന് അവരോട് പറയപ്പെട്ടാൽ; അല്ല, ഞങ്ങളുടെ പിതാക്കൾ എന്തൊന്നിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടുവോ അതിനെയാണ് ഞങ്ങൾ പിന്തുടരുക എന്നായിരിക്കും അവർ പറയുക. പിശാച് ജ്വലിക്കുന്ന നരകശിക്ഷയിലേക്കാണ് അവരെ ക്ഷണിക്കുന്നതെങ്കിൽ പോലും (അവരതിനെ പിന്തുടരുകയോ?)" (31:21).

ഈ അന്ധമായ അനുകരണത്തിന്റെ പാത സ്വീകരിച്ചവർക്ക് തങ്ങൾ ചെയ്യുന്ന കാര്യത്തിൽ ആത്മവിശ്വാസക്കുറവുണ്ട്. അല്ലാഹു അവർക്ക് കനിഞ്ഞു നൽകിയ ബുദ്ധിയും ചിന്തയും ഉപയോഗപ്പെടുത്താതിരിക്കുകയാണ് അക്കൂട്ടർ ചെയ്യുന്നത്. കൂരിരുട്ടിൽ വെളിച്ചം കാണാനായി മെഴുകുതിരി കത്തിച്ചു കൊടുത്തിട്ട് അത് ഊതിക്കെടുത്തി ഇരുട്ടിലൂടെ തപ്പിത്തടഞ്ഞ് നടക്കുന്നവരെ പോലെയാണ് ഇവരുടെ സ്ഥിതി.

മദ്ഹബിന്റെ വക്താക്കളിൽ ആരോടെങ്കിലും ഇഷ്ടം തോന്നി അവരോടുള്ള സ്നേഹം ഹൃദയത്തിൽ സ്ഥാനം പിടിച്ചാൽ ആ വ്യക്തിയെ അന്ധമായി അനുസരിക്കുകയും അയാൾ പറഞ്ഞ കാര്യങ്ങളെപ്പറ്റി യാതൊന്നും പഠിക്കുകയോ ചിന്തിക്കുകയോ ചെയ്യാതെതന്നെ അതെല്ലാം അപ്പടി സ്വീകരിക്കുന്നവരുണ്ട്. സത്യത്തിൽ ഇതാണ് ഏറ്റവും വലിയ വഴികേട്. കാരണം ആളെയല്ല നാം നോക്കേണ്ടത്; പറഞ്ഞ കാര്യങ്ങളിലേക്കും അതിന്റെ ന്യായാന്യായങ്ങളിലേക്കുമാണ്. അതിലേക്കാണ് നമ്മുടെ ദൃഷ്ടിയും ചിന്തയും പതിയേണ്ടത്. ഇതാണ്

മതവും പ്രമാണവും ബുദ്ധിയും മനുഷ്യനോട് ആവശ്യപ്പെടുന്നത്.

അലി(റ) തന്റെ അനുചരൻ ഹാരിസിനോട് പറഞ്ഞു: "നിശ്ചയം, സത്യം ആളുകളെക്കൊണ്ടല്ല അറിയപ്പെടുക; പ്രത്യുത നീ സത്യം മനസ്സിലാക്കുക, അപ്പോൾ നിനക്ക് സത്യത്തിന്റെ വക്താക്കളെയും മനസ്സിലാക്കാൻ കഴിയും" (തൽബീസു ഇബ്‌ലീസ്, പേജ് 93).

പിശാച് മനുഷ്യരെ സമർഥമായി കെണിയിൽ പെടുത്തിയ രണ്ട് രൂപങ്ങളുണ്ട്. വിവരമില്ലാത്തവരെ അന്ധമായ അനുകരണത്തിന്റെ കെണിയിൽ കുടുക്കി, എന്നിട്ട് നാൽക്കാലികളെ തെളിച്ചുകൊണ്ടുപോകുന്നതുപോലെ അവൻ ഉദ്ദേശിക്കുന്നത് പോലെ അവരെ പല വഴികളിലേക്കും തെളിച്ചുകൊണ്ടുപോയി. എത്ര വലിയ വിഡ്ഢിത്തങ്ങൾ പുലമ്പുന്നത് കേട്ടാലും അതിനെതിരെ യാതൊരു പ്രതികരണവും നടത്താതെ അതെല്ലാം ഭക്തിയോടെ സ്വീകരിച്ച് പ്രാവർത്തികമാക്കുന്ന മുരീദന്മാർ ഇതിന്റെ നേർകാഴ്ചകളാണ്.

എന്നാൽ മറ്റൊരു വിഭാഗമാകട്ടെ; അവർക്ക് ചിന്തയും ബുദ്ധിയുമൊക്കെ ഉള്ളതായി പിശാച് മനസ്സിലാക്കിയപ്പോൾ അന്ധമായ അനുകരണത്തിന്റെ നിരർഥകതയും പൊള്ളത്തരവുമെല്ലാം ബോധ്യപ്പെടുത്തിക്കൊണ്ട് ചിന്തക്കും നിരൂപണത്തിനും ആഹ്വാനം നൽകി. പിന്നീട് ചിന്തയുടെയും ബുദ്ധിയുടെയും പേരിൽ മതത്തിന്റെ ചട്ടക്കൂടുകൾ പോലും ഭേദിച്ച് പുതിയ പുതിയ പല ആശയതലങ്ങളിലേക്കും പിശാച് അവരെ തെളിച്ചു കൊണ്ടുപോയി. പ്രമാണങ്ങളെ പിൻപറ്റണമെന്ന ആഹ്വാനങ്ങളെ അക്ഷരപൂജയായും പഴഞ്ചൻ ആശയങ്ങളായും ചിത്രീകരിക്കാൻ അവനു സാധിച്ചു. പ്രമാണങ്ങളെ പച്ചയായി നിഷേധിക്കുകയും ദീനിന്റെ ശരിയായ അധ്യാപനങ്ങളിൽനിന്ന് ബഹുദൂരം അകന്ന് സഞ്ചരിക്കുകയും ചെയ്യുന്ന പല 'ഉൽപതിഷ്ണു'ക്കളെയും കാണുമ്പോൾ അതാണ് ഓർമ വരുന്നത്. അല്ലാഹുവിൽ ശരണം!

ബുദ്ധിയും ചിന്തയും പഠനവും ഗവേഷണങ്ങളുമെല്ലാം വേണ്ടിടത്ത് പ്രയോഗിക്കണം. അല്ലാഹുവും അവന്റെ ദൂതനും അറിയിച്ച കാര്യങ്ങൾക്ക് മേലും പരിമിതമായ തന്റെ ബുദ്ധിയും യുക്തിയും നിരത്തി അവയെ നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്യുന്നതിന് പകരം ബുദ്ധിയെ സൃഷ്ടിച്ച സ്രഷ്ടാവിനു മുമ്പിൽ തന്റെ ബുദ്ധിയെ സമർപ്പിക്കുവാൻ സാധിക്കണം. അതാണ് യഥാർഥ ബുദ്ധി. ഇത് തിരിച്ചറിയു ന്നവനാണ് സത്യവിശ്വാസി. പ്രമാണങ്ങളെ ശരിയായ വിധത്തിൽ ഗ്രഹിച്ച് പിൻപറ്റുകയാണ് ഒരു യഥാർഥ വിശ്വാസി ചെയ്യേണ്ടത്. അല്ലാഹു പറയുന്നു:

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രാ യം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു" (33:36).

"ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (4:65).

ബുദ്ധിയും ചിന്തയും കയ്യൊഴിക്കലും പ്രമാണങ്ങളെ അവഗണിച്ചുകൊണ്ടുള്ള അന്ധമായ അനുകരണത്തിന്റെ രീതി സ്വീകരിക്കലും ബുദ്ധിക്കും യുക്തിക്കും അമിത പ്രാധാന്യം നൽകി മതത്തിന്റെ പല കാര്യങ്ങളിലും സന്ദേഹങ്ങളും സംശയങ്ങളും വെച്ച് പ്രമാണങ്ങളെ നിഷേധിക്കലും ദുർവ്യാഖ്യാനിക്കലും പിശാചിന്റെ കെണികൾ തന്നെയാണെന്ന് സാരം. രണ്ടു കൂട്ടരെയും പിശാച് അതിസമർഥമായി കൊണ്ടെത്തിച്ച വഴികേടിന്റെ ആഴവും പരപ്പും ഏതൊരു വിശ്വാസിയെയും ഇരുത്തിച്ചിന്തിപ്പിക്കേണ്ട ഗുരുതരമായ കാര്യങ്ങളാണ്. എല്ലാത്തരം വഴികേടുകളിൽനിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ! ■



# നിലവിളക്ക് വിവാദം: ഒളിയജണ്ടകൾ തിരിച്ചറിയുക

ഇരുട്ടകറ്റാൻ വെളിച്ചം ഉപയോഗിക്കുന്നതിന് ഇസ്‌ലാം എതിരല്ല. എന്നാൽ, നിലവിളക്ക് കൊളുത്തുക എന്നത് ഹൈന്ദവ ആചാരപ്രകാരം; ചെരിപ്പ് അഴിച്ചുവെക്കൽ, തിരികളുടെ എണ്ണം, ദിശ, എണ്ണയുടെ പ്രത്യേകതകൾ എന്നിവ നിശ്ചയിച്ച്, പ്രത്യേക ദേവതകളുടെ സാന്നിധ്യം സങ്കൽപിച്ച് ഐശ്വര്യത്തിനും പുണ്യത്തിനുമായി ചെയ്യുന്ന ഒരു ആത്മീയകർമമാണ്.

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

പൊതുവേദികളിൽ നിലവിളക്ക് കൊളുത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ പലപ്പോഴും വൈകാരികമായ തലങ്ങളിലേക്ക് വഴിമാറാറുണ്ട്. എന്നാൽ, ഒരു മുസ്‌ലിം ജനപ്രതിനിധിയോ പൊതുപ്രവർത്തകനോ ഇത്തരം ചടങ്ങുകളിൽനിന്ന് മാറിനിൽക്കുമ്പോൾ, അത് മറ്റു മതങ്ങളോടുള്ള അനാദരവോ അസഹിഷ്ണുതയോ അല്ലെന്ന് നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടും. ഇതിന് പിന്നിലെ മതപരവും ഭരണഘടനാപരവുമായ യാഥാർഥ്യങ്ങൾ വസ്തുനിഷ്ഠമായി മനസ്സിലാക്കേണ്ടതുണ്ട്.

**എന്താണ് ഭരണഘടനാപരമായ മതേതരത്വം**

ഇന്ത്യൻ മതേതരത്വം (Secularism) എന്നാൽ മതനിരാസമല്ല, മതലയനവുമല്ല; മതനിരപേക്ഷതയാണ്. സർക്കാറിനും സർക്കാർ പരിപാടികളിലും മതം പാടില്ല; പൗരന്മാർക്ക് അവരവരുടെ മതവിശ്വാസം അനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യമുണ്ട് താനും. അത് സംരക്ഷിക്കൽ സർക്കാറിന്റെ ബാധ്യത യുമാണ്.

**ഭരണഘടന ഉറപ്പുനൽകുന്ന അവകാശം**

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25, ഓരോ പൗരനും തനിക്ക് ഇഷ്ടമുള്ള മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള മൗലികാവകാശം നൽകുന്നുണ്ട്. ഇതിൽ ഒരു വ്യക്തിക്ക് തന്റെ വിശ്വാസത്തിന് നിരക്കാത്ത കാര്യങ്ങളിൽനിന്ന് മാറിനിൽക്കാനുള്ള സ്വാതന്ത്ര്യവും (Right to abstain) ഉൾപ്പെടുന്നു.

**പൊതുവിടങ്ങളുടെ നിഷ്പക്ഷത**

പൊതുവേദികളോ സർക്കാർ ചടങ്ങുകളോ ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ മാത്രം ആചാരങ്ങളിലേക്ക് ചുരുങ്ങിപ്പോകാതിരിക്കുകയും, എല്ലാവിഭാഗം ജനങ്ങൾക്കും ഒരുപോലെ ഉൾക്കൊള്ളാൻ കഴിയു ന്ന പൊതുവായ രീതികൾ സ്വീകരിക്കുകയുമാണ് യഥാർഥ മതനിരപേക്ഷത. മുൻകാലങ്ങളിൽ ഇ.എം.എസ് നമ്പൂതിരിപ്പാട് അടക്കമുള്ള പ്രമുഖ നേതാക്കൾ ഈയൊരു ഭരണഘടനാപരമായ നിഷ്പക്ഷത പൊതു വേദികളിൽ പുലർത്തേണ്ടതിനെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

**ഇസ്‌ലാമിക വീക്ഷണത്തിലെ മർമം**

ഇസ്‌ലാമിന്റെ ഏറ്റവും പ്രധാനപ്പെട്ട അടിത്തറ 'തൗഹീദ്' അഥവാ ഏകദൈവ വിശ്വാസമാണ്. പ്രപഞ്ചത്തിന്റെ പരമാധികാരിയായ ഒരേയൊരു ദൈവത്തിന് മാത്രം ആരാധനകളും സ്തുതികളും സമർപ്പിക്കുക എന്നതാണ് ഇതിന്റെ അർഥം.

**നിങ്ങൾ ഒരു ചടങ്ങിൽനിന്ന് മാറിനിൽക്കുന്നത് മറ്റു മതങ്ങളോടുള്ള വിരോധം കൊണ്ടല്ല, മറിച്ച് നിങ്ങളുടെ ഭരണഘടനാപരമായ അവകാശവും മതപരമായ ബാധ്യതയും ഉള്ളതുകൊണ്ടാണ്. സ്വന്തം അസ്തിത്വത്തിൽ ഉറച്ചുനിൽക്കുക എന്നത് ആത്മാഭിമാനമാണ്. അത്തരം സത്യസന്ധമായ നിലപാടുകളെ സമൂഹം ഒരിക്കലും വേട്ടയാടില്ല, മറിച്ച് ബഹുമാനിക്കുക മാത്രമേയുള്ളൂ. ഈയൊരു ജനാധിപത്യ സ്വാതന്ത്ര്യത്തെ കൃത്യമായ ബോധ്യത്തോടെയും ആത്മവിശ്വാസത്തോടെയും സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുകയാണ് വേണ്ടത്.**

ഇരുട്ടകറ്റാൻ വെളിച്ചം ഉപയോഗിക്കുന്നതിന് ഇസ്‌ലാം എതിരല്ല. എന്നാൽ, നിലവിളക്ക് കൊളുത്തുക എന്നത് ഹൈന്ദവ ആചാരപ്രകാരം; ചെരിപ്പ് അഴിച്ചുവെക്കൽ, തിരികളുടെ എണ്ണം, ദിശ, എണ്ണയുടെ പ്രത്യേകതകൾ എന്നിവ നിശ്ചയിച്ച്, പ്രത്യേക ദേവതകളുടെ സാന്നിധ്യം സങ്കൽപിച്ച് ഐശ്വര്യത്തിനും പുണ്യത്തിനുമായി ചെയ്യുന്ന ഒരു ആത്മീയകർമമാണ്.

മറ്റൊരു മതത്തിന്റെ ആരാധനാ സ്വഭാവമുള്ള ഇത്തരം ആചാരങ്ങളിൽ ബാഹ്യമായി മാത്രമാണെങ്കിൽ പോലും പങ്കാളിയാകുന്നത് ഏകദൈവ വിശ്വാസത്തിന് വിരുദ്ധമാണെന്നാണ് ഇസ്‌ലാമിക പണ്ഡിതന്മാരുടെ പക്ഷം. ഹൃദയത്തിൽ വിശ്വാസമില്ലെങ്കിൽ പോലും വാക്കിലോ പ്രവൃത്തിയിലോ മറ്റൊരു മതത്തിന്റെ ആരാധനാകർമങ്ങളോട് സാദൃശ്യം പുലർത്താൻ വിശ്വാസിക്ക് അനുവാദമില്ല. അതുകൊണ്ട് തന്നെയാണ് വിശ്വാസത്തിൽ സൂക്ഷ്മത പുലർത്തുന്നവർ ഇതിൽനിന്ന് വിട്ടുനിൽക്കുന്നത്.

**മുസ്‌ലിം ജനപ്രതിനിധികളുടെ ജാഗ്രതയില്ലായ്മ**

മനസ്സിൽ വർഗീയവിഷം കൊണ്ടുനടക്കാത്ത ഭൂരിഭാഗം വരുന്ന അമുസ്‌ലിംകൾക്ക് ഈയൊരു വിശ്വാസപരമായ മർമം ലളിതമായി പറഞ്ഞുകൊടുത്താൽ നിഷ്പ്രയാസം അത് ഉൾക്കൊള്ളാനും മനസ്സിലാക്കാനും സാധിക്കും. എന്നാൽ, അവരെപ്പോലും ആശയക്കുഴപ്പത്തിലാക്കുന്നത് മുസ്‌ലിം ജനപ്രതിനിധികളിൽ ചിലരെങ്കിലും പൊതുചടങ്ങുകളിൽ നിലവി

ളക്ക് കൊളുത്തുന്നത് കാണുമ്പോഴാണ്.

'മുസ്‌ലിംകൾക്ക് ഇതിൽ പ്രശ്നമില്ലല്ലോ' എന്ന തെറ്റായ ധാരണയിലേക്ക് പൊതുസമൂഹം എത്തിച്ചേരുന്നത് ഇത്തരം ജാഗ്രതയില്ലാത്ത സമീപനങ്ങൾ കാരണമാണ്. തന്മൂലം സ്വന്തം ആദർശം മുറുകെപ്പിടിച്ച് മാറി നിൽക്കുന്ന മറ്റു ജനപ്രതിനിധികളെ അവർ തീവ്രതയുള്ളവരും കുഴപ്പക്കാരുമായി തെറ്റിദ്ധരിക്കുന്നു. യഥാർഥത്തിൽ പൊതുസമൂഹം അങ്ങനെ ചിന്തിക്കുന്നതിൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല; താൽക്കാലിക കൈയടികൾക്ക് വേണ്ടി ഇസ്‌ലാമിക സംസ്കാരം കൈയൊഴിക്കുന്ന മുസ്‌ലിം നാമധാരികൾ തന്നെയാണ് ഇതിന്റെ യഥാർഥ കുറ്റക്കാർ.

### പണ്ഡിതന്മാരുടെ ഇടപെടലും ചിലരുടെ അസ്വസ്ഥതയും

ഇത്തരം വിവാദങ്ങളുണ്ടാകുമ്പോൾ മതപണ്ഡിതന്മാർ എന്തിനാണ് ഇതിൽ അഭിപ്രായം പറയുന്നതെന്ന് ചോദിച്ച് പരിഹസിക്കുന്ന ചിലരുണ്ട്. ഒരു മുസ്‌ലിമിന്റെ വിശ്വാസവും സംസ്കാരവുമായി ബന്ധപ്പെട്ട വിഷയം പൊതുമണ്ഡലത്തിൽ ചർച്ചയാകുമ്പോൾ, അതിന്റെ കൃത്യമായ മതപരമായ വീക്ഷണം യഥാസമയം സമൂഹത്തെ ബോധ്യപ്പെടുത്തുക എന്നത് പണ്ഡിതന്മാരുടെ ഉത്തരവാദിത്തമാണ്.

രാഷ്ട്രീയ മേഖലയിലെ എത്രയോ വിഷയങ്ങളിൽ ദിനംപ്രതി വലിയ വാദപ്രതിവാദങ്ങളും കുറ്റാരോപണങ്ങളും നടക്കുന്നു! എന്തിനാണ് അതിലൊന്നുമില്ലാത്ത അസ്വസ്ഥത പണ്ഡിതന്മാർ അവരുടെ നിലപാട് വ്യക്തമാക്കുമ്പോൾ മാത്രം ചിലർ കാണിക്കുന്നത്? പണ്ഡിതന്മാർ സംസാരിക്കുന്നത് ശരിയായ ഇസ്‌ലാമിക വിശ്വാസം കാത്തുസൂക്ഷിക്കാൻ ആഗ്രഹിക്കുന്ന ആളുകളോടാണ്. അതിനോട് വിയോജിക്കാൻ മറ്റുള്ളവർക്ക് അവകാശമുള്ളതുപോലെ തന്നെ, അത് തുറന്നുപറയാനുള്ള സ്വാതന്ത്ര്യം അവർക്കുമുണ്ട്. അതിൽ മറ്റുള്ളവർ അസ്വസ്ഥരാകേണ്ട കാര്യമില്ല. നിലവിളക്ക് കൊളുത്താൻ പാടില്ല എന്നത് ഏതെങ്കിലും ഒരു പണ്ഡിതന്റെ ഒറ്റപ്പെട്ട അഭിപ്രായമല്ല. കേരളത്തിലെ ഒരു മുസ്‌ലിം സംഘടനയും നിലവിളക്ക് കൊളു ത്തുന്നതിനെ ന്യായീകരിച്ച് രംഗത്ത് വരാത്തതും ഈ വിഷയത്തിന്റെ ഗൗരവമാണ് ചൂണ്ടി കാണിക്കുന്നത്.

### തിരിച്ചറിയേണ്ട അജണ്ടകളും അസ്തിത്വ പ്രതിസന്ധിയും

'നല്ല മുസ്‌ലിം,' 'ചീത്ത മുസ്‌ലിം' എന്നിങ്ങനെയുള്ള അപകടകരമായ ഒരു ബൈനറി സൃഷ്ടിച്ചുകൊണ്ട്, യഥാർഥ ഇസ്‌ലാമിക മൂല്യങ്ങൾ മുറുകെപ്പിടിക്കുന്നവരെ ഭാവിയിൽ വർഗീയവാദികളായി ചിത്രീകരിക്കാനുള്ള ഒരു അജണ്ട ഇവിടെ അണിയറയിൽ നടക്കുന്നുണ്ട്. ഇത് തിരിച്ചറിയാതെ വെറും പ്രശംസകൾക്ക് വേണ്ടി തെറ്റാണെന്ന് ബോധ്യമുണ്ടായിട്ടും നിന്നുകൊടുക്കുന്ന സ്വഭാവം തുടർന്നാൽ, സമീപഭാവിയിൽ സമുദായത്തിന് സ്വന്തമായൊരു വ്യക്തിത്വമോ അസ്തിത്വമോ ഇല്ലാതെയായിപ്പോകും. സമുദായം സ്വയം എല്ലാത്തിലും ലയിച്ച് ഇല്ലാതാകുന്ന ഒരു കാലഘട്ടം അതിവിദൂരമായിരിക്കില്ല.

മുൻകാലങ്ങളിൽ ഈ രാജ്യത്തെ എല്ലാവിഭാഗം ജനങ്ങളുടെയും ആദരവ് ഏറ്റുവാങ്ങിയ ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്, സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ തുടങ്ങിയ ഉന്നതരായ നേതാക്കളെല്ലാം പൊതുവേദികളിൽ ഇതേ നിലപാട് തന്നെയാണ് കൃത്യമായി പുലർത്തിപ്പോന്നത്. ഇപ്പോഴും അതേ പാത പിന്തുടരുന്നവരാണ് ഭൂരിപക്ഷം നേതാക്കളും. അവരുടെ മതേതര ബോധത്തെയോ രാജ്യസ്നേഹത്തെയോ ആരും ചോദ്യം ചെയ്തിട്ടില്ല.

### മുസ്‌ലിം ജനപ്രതിനിധികളോട്

പൊതുവേദികളിൽ ഉണ്ടാകുന്ന താൽക്കാലികമായ സാമൂഹിക സമ്മർദങ്ങൾ കാരണം സ്വന്തം വിശ്വാസകാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യേണ്ടിവരുന്ന ജനപ്രതിനിധികൾ മനസ്സിലാക്കുക:

നിങ്ങൾ ഒരു ചടങ്ങിൽനിന്ന് മാറിനിൽക്കുന്നത് മറ്റു മതങ്ങളോടുള്ള വിരോധം കൊണ്ടല്ല, മറിച്ച് നിങ്ങളുടെ ഭരണഘടനാപരമായ അവകാശവും മതപരമായ ബാധ്യതയും ഉള്ളതുകൊണ്ടാണ്. സ്വന്തം അസ്തിത്വത്തിൽ ഉറച്ചുനിൽക്കുക എന്നത് ആത്മാഭിമാനമാണ്. അത്തരം സത്യസന്ധമായ നിലപാടുകളെ സമൂഹം ഒരിക്കലും വേട്ടയാടില്ല, മറിച്ച് ബഹുമാനിക്കുക മാത്രമേയുള്ളൂ. ഈയൊരു ജനാധിപത്യ സ്വാതന്ത്ര്യത്തെ കൃത്യമായ ബോധ്യത്തോടെയും ആത്മവിശ്വാസത്തോടെയും സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുകയാണ് വേണ്ടത്. പരസ്പരം നിർബന്ധിപ്പിച്ചുകൊണ്ടല്ല, പരസ്പരം മനസ്സിലാക്കിക്കൊണ്ടാണ് നാമൊരു നല്ല സമൂഹത്തെ കെട്ടിപ്പടുക്കേണ്ടത്. അനാവശ്യമായ ആക്ഷേപങ്ങൾ ഒഴിവാക്കി, ഓരോ പൗരന്റെയും വ്യക്തിസ്വാതന്ത്ര്യത്തെയും അസ്തിത്വത്തെയും മാനിക്കാൻ നമുക്ക് സാധിക്കട്ടെ. ■



# പാപമോചനത്തിന്റെ വഴികളും ആത്മീയ ശുദ്ധീകരണവും

മുഹ്സിൻ ചുങ്കത്തറ

: 85472 45905

തെറ്റുകളും പിഴവുകളും സംഭവിക്കുക എന്നത് മനുഷ്യസഹജമാണ്. പൂർണമായും എല്ലാ തെറ്റുകളിൽനിന്നും മുക്തമായ ജീവിതം മനുഷ്യർക്ക് അസാധ്യമാണ്. മുഹമ്മദ് നബി(സ്വ) പറഞ്ഞു: "എല്ലാ മനുഷ്യരും തെറ്റ് ചെയ്യുന്നവരാണ്. എന്നാൽ തെറ്റ് ചെയ്യുന്നവരിൽ ഏറ്റവും ഉത്തമർ പശ്ചാത്തപിച്ചു മടങ്ങുന്നവരാണ്."

സത്യവിശ്വാസികളോടുള്ള അല്ലാഹുവിന്റെ കൽപനയാണ് അവന് പൂർണമായി കീഴ്പ്പെട്ട് ജീവിക്കുക, ഹറാമുകളിൽ (വിലക്കപ്പെട്ട കാര്യങ്ങളിൽ) നിന്ന് അകന്നുനിൽക്കുക എന്നത്. എന്നാൽ, ഈ ലക്ഷ്യത്തിൽ നിന്ന് മനുഷ്യരെ തടയുന്ന നിരവധി ഭൗതിക പരീക്ഷണങ്ങൾ ചുറ്റുപാടുമുണ്ട്. കൂട്ടുകെട്ടിൽ അകപ്പെട്ടോ അല്ലാതെയോ അശ്ലീല വീഡിയോകളും ചിത്രങ്ങളും മൊബൈൽ വഴി കാണുന്നവരുണ്ട്. ഇതിന്റെ ഫലമായി സ്വയംഭോഗത്തിന് അടിമപ്പെടുന്നവരുണ്ട്. പുകവലിയിൽ തുടങ്ങി ലഹരിവസ്തുക്കളിലേക്ക് എത്തിപ്പെടുന്നവരുണ്ട്. കളവ് പറയൽ ഒരു തെറ്റേ അല്ല എന്നു കരുതുന്ന വിധം ഏതു രംഗത്തും മടികൂടാതെ പറയുന്നവരുണ്ട്. ഇതെല്ലാം നിരന്തരം ചെയ്യുന്നതിനാൽ, വലിയ തെറ്റാണെന്ന് ബോധ്യമുണ്ടായാലും, ഒഴിവാക്കാൻ ആഗ്രഹിച്ചാലും പലർക്കും അതിന് കഴിയാറില്ല. എത്ര തവണ മാറിനിൽക്കാൻ തീരുമാനിച്ചാലും വീണ്ടും വീണ്ടും മനസ്സ് അതിലേക്ക് വലിച്ചിഴക്കുന്ന ഒരു അവസ്ഥയാണിത്. സൈക്കോളജി കൗൺസലിംഗ് വിദഗ്ധരുടെ അടുത്തേക്ക് ഇത്തരം കേസുകൾ ധാരാളമായി എത്തുന്നുണ്ട്.

ഇത്തരം സാഹചര്യങ്ങളിൽ നിരാശരായി തെറ്റുകളിൽ മുഴുകുകയല്ല വേണ്ടത്. അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് പ്രവാചകൻ (സ്വ) അരുളി: "നിങ്ങൾ പാപം ചെയ്യാത്തവരായിരുന്നുവെങ്കിൽ അല്ലാഹു നിങ്ങളെ നീക്കം ചെയ്യുകയും, പകരം പാപം ചെയ്യുകയും തുടർന്ന് അല്ലാഹുവോട് പാപമോചനം തേടുകയും, അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്യുന്ന ഒരു ജനതയെ കൊണ്ടുവരുമായിരുന്നു."

ഇത് പാപം ചെയ്യാനുള്ള പ്രോത്സാഹനമല്ല; മറിച്ച്, മനുഷ്യസഹജമായി ഒരു തെറ്റ് സംഭവിച്ചാൽ നിരാശപ്പെടാതെ, അതിൽ നിന്ന് കരകയറാൻ ശ്രമിക്കണമെന്ന ഓർമ്മപ്പെടുത്തലാണ്.

തിന്മകളുടെ കെണിയിൽ നിന്ന് രക്ഷപ്പെടാനും പാപങ്ങൾ പൂർണമായി ഉപേക്ഷിക്കാനും സഹായിക്കുന്ന ഇരുപതോളം പ്രേരകങ്ങൾ ഇബ്നുൽ ഖയ്യിം (റഹി) തന്റെ 'ഉദ്ദതുസ്സ്വാബിരീൻ വ ദഖീറതുശ്ശാകിരീൻ' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. അവ ഹ്രസ്വമായി മനസ്സിലാക്കാം:

1. അല്ലാഹുവിന്റെ മഹത്ത്വത്തെയും പ്രതാപത്തെയും കുറിച്ചുള്ള ബോധം: അല്ലാഹു നമ്മെ എപ്പോഴും കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടെന്ന ബോധം ഉള്ളിൽ വളർത്തുക.

2. അല്ലാഹുവോടുള്ള യതാർഥ സ്നേഹം: ഇത് അല്ലാഹുവിനെ അനുസരിക്കാനും അവൻ വെറുക്കുന്ന കാര്യങ്ങൾ ഉപേക്ഷിക്കാനും പ്രേരിപ്പിക്കുന്നു.

3. അനുഗ്രഹങ്ങളെയും ഔദാര്യങ്ങളെയും കുറിച്ചുള്ള ബോധം: അല്ലാഹു നൽകിയ നന്മകളെ അഥവാ അനുഗ്രഹങ്ങളെ (ആരോഗ്യം, സമ്പത്ത്, കാഴ്ച....) അവനോടുള്ള അനുസരണക്കേടിനായി ഉപയോഗിക്കാതിരിക്കുക.

4. അല്ലാഹുവിന്റെ കോപത്തെയും ശിക്ഷയെയും കുറിച്ചുള്ള ഭയം: അല്ലാഹുവിനെ ധിക്കരിക്കുന്നവർക്കുള്ള അവന്റെ കഠിനമായ ശിക്ഷയെക്കുറിച്ച് ബോധവാനാകുക.

5. നഷ്ടങ്ങളെക്കുറിച്ചുള്ള ചിന്ത: പാപങ്ങൾ കാരണം ഇഹലോകത്തിലും പരലോകത്തിലും നഷ്ടപ്പെട്ടുപോകുന്ന വലിയ നന്മകളെയും നേട്ടങ്ങളെയും വിശ്വാസത്തിന്റെ മാധുര്യത്തെയും പ്രതിഫല ങ്ങളെയും കുറിച്ച് തിരിച്ചറിയുക.

6. മനസ്സിനെ കീഴടക്കലും പിശാചിനെ പരാജയപ്പെടുത്തലും: പാപങ്ങൾ ഉപേക്ഷിച്ചുകൊണ്ട് സ്വന്തം നഫ്സിനോട് പോരാടുക; ഇത് പിശാചിനെ അപമാനിക്കാനും തോൽപിക്കാനും സഹായിക്കുന്നു.

7. പകരമായി ലഭിക്കുന്ന വലിയ പ്രതിഫലം: അല്ലാഹുവിന് വേണ്ടി ആരെങ്കിലും ഒരു തിന്മ ഉപേക്ഷിച്ചാൽ, അല്ലാഹു അതിനെക്കാൾ ഉത്തമമായത് പകരം നൽകുമെന്ന പൂർണവിശ്വാസം ഹൃദയത്തിൽ സൂക്ഷിക്കുക.

8. അല്ലാഹുവിന്റെ പ്രത്യേകമായ കൂട്ട് (മഇയ്യത്ത്) ആഗ്രഹിക്കൽ: ക്ഷമിക്കുന്നവർക്കും സൂക്ഷ്മതയുള്ളവർക്കുമായി അല്ലാഹു വാഗ്ദാനം ചെയ്ത പ്രത്യേകമായ സാമീപ്യവും സംരക്ഷണവും കാംക്ഷിക്കുക.

9. പെട്ടെന്നുള്ള മരണത്തെക്കുറിച്ചുള്ള ചിന്ത: മരണം എപ്പോൾ വേണമെങ്കിലും കടന്നുവരാമെന്നും ഒരു പാപത്തിൽ ഏർപ്പെട്ടിരിക്കെ അല്ലാഹുവെ കണ്ടുമുട്ടാൻ ഇടവരരുതെന്നും നിരന്തരം ഓർക്കുക.

10. പരീക്ഷണങ്ങളെയും ആഫിയത്തിനെ(സൗഖ്യം)യും കുറിച്ചുള്ള ബോധം: പാപങ്ങളാണ് യഥാർഥ പരീക്ഷണമെന്നും അല്ലാഹുവെ അനുസരിക്കുന്നതിലാണ് യഥാർഥ ആത്മീയ സൗഖ്യമെന്നും മനസ്സിലാ ക്കുക.

11. ഹൃദയത്തിലെ ആത്മീയ പ്രേരണകളെ ക്രമേണ വളർത്തൽ.

12. അമിതമായ ലൗകിക ആഗ്രഹങ്ങൾക്കെതിരെ പൊരുതാൻ മനസ്സിനെ പരിശീലിപ്പിക്കുക.

13. തെറ്റായ ചിന്തകളെ തുടക്കത്തിലേ നുള്ളിക്കളയൽ: മനസ്സിൽ പാപങ്ങളെക്കുറിച്ചുള്ള ആലോചനകൾ വരുമ്പോൾതന്നെ അവയെ തുടച്ചുമാറ്റുക, ചിന്തകൾ വളർന്ന് പ്രവൃത്തിയായി മാറാതിരിക്കാൻ ശ്രദ്ധിക്കുക.

14. തിന്മകളിലേക്ക് നയിക്കുന്ന വഴികൾ അടയ്ക്കൽ: പാപങ്ങളിലേക്ക് മനസ്സിനെ വലിച്ചിഴക്കുന്ന സാഹചര്യങ്ങളിൽനിന്നും മോശം കൂട്ടുകെട്ടുകളിൽനിന്നും പൂർണമായി അകന്നുമാറുക.

15. ചിന്തകളെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലേക്ക് തിരിച്ചുവിടുക: പ്രപഞ്ചത്തിലെ അത്ഭുതങ്ങളെക്കുറിച്ചും അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചും ചിന്തിക്കാൻ മനസ്സിനെ ശീലിപ്പിക്കുക.

16. ഇഹലോകത്തിന്റെ നശ്വരതയെക്കുറിച്ച് ചിന്തിക്കുക: ലൗകിക സുഖങ്ങൾ വളരെ പെട്ടെന്ന് അവസാനിക്കുന്നതാണെന്നും പരലോകമാണ് ശാശ്വതമെന്നും എപ്പോഴും ഓർക്കുക.

17. ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനോട് പ്രാർഥിക്കുക: മനുഷ്യഹൃദയങ്ങൾ അല്ലാഹുവിന്റെ വിരലുകൾക്കിടയിലാണ്; അതിനാൽ നന്മയിൽ ഉറപ്പിച്ചു നിർത്താൻ അവനോട് എപ്പോഴും പ്രാർഥിക്കുക.

18. യഥാർഥ ആനന്ദം അല്ലാഹുവിനോടുള്ള സൂക്ഷ്മത(തക്വ്വ)യിലാണ് എന്ന് മനസ്സിലാക്കുക: പാപങ്ങൾ നൽകുന്ന താൽക്കാലിക സുഖം പിന്നീട് വലിയ മാനസിക ദുഃഖത്തിന് കാരണമാകും; യഥാർഥ ആനന്ദം അല്ലാഹുവെ അനുസരിക്കുന്നതിലാണ്.

19. അല്ലാഹു പാപമോചനം നൽകുന്നവനാണെന്ന് ഓർക്കുക: താൻ എത്ര വലിയ തെറ്റു ചെയ്താലും മടങ്ങേണ്ടത് കാരുണ്യമയനായ അല്ലാഹുവിലേക്കാണെന്ന ബോധം എപ്പോഴും നിലനിർത്തുക.

20. സൽകർമങ്ങൾ പാപങ്ങളെ മായ്ച്ചുകളയും എന്ന് തിരിച്ചറിയുക: ഒരു തെറ്റ് സംഭവിച്ചാൽ ഉടനടി സൽകർമങ്ങളിലേക്ക് തിരിയുക, അത് തിന്മകളുടെ സ്വാധീനത്തെയും കറകളെയും ഇല്ലാതാക്കും.

കേവലമായ അറിവ് മാത്രം പോരാ എന്ന് മനസ്സിലാക്കുക: പാപങ്ങളിൽനിന്ന് പൂർണമായി മുക്തി നേടുക എന്നത് കേവലമൊരു ആഗ്രഹംകൊണ്ട് മാത്രം സാധ്യമാകുന്നതല്ല; മറിച്ച് അതിന് ആത്മാർഥമായ തൗബയും ബോധപൂർവമായ ആത്മസമരവും (മുജാഹദ) അനിവാര്യമാണ്. മഹാനായ ഹസനുൽ ബസ്വരി (റഹി) പ്രസ്താവിച്ചതുപോലെ; ‘ഒരു വിശ്വാസി എപ്പോഴും സ്വന്തം നഫ്സിനെ വിചാരണ ചെയ്തുകൊ ണ്ടിരിക്കുന്നവനാണ്.’ പാപങ്ങളുടെ കറകളിൽനിന്ന് ഹൃദയത്തെ ശുദ്ധീകരിക്കാൻ അല്ലാഹുവിലേക്കുള്ള നിരന്തരമായ മടങ്ങലും നല്ല കൂട്ടുകെട്ടുകളും ശീലമാക്കുക. തിന്മകളുടെ വഴികൾ അടയ്ക്കാനും നന്മയിൽ സ്ഥിരത കൈവരിക്കാനും അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ■



# മഴക്കാലവും കൊതുകുജന്യ രോഗങ്ങളും

ഡോ. ജസ്റത്ത്

മഴക്കാലം ആരംഭിക്കുന്നതോടെ രോഗാണുക്കളും അവ പരത്തുന്ന കൊതുകുകളും മറ്റു കീടങ്ങളും അതിവേഗം പെരുകാൻ തുടങ്ങുന്നു. ഈ സമയത്ത് പൊതുജനാരോഗ്യത്തിന് ഏറ്റവും വലിയ ഭീഷണിയാകുന്നത് കൊതുകുജന്യ രോഗങ്ങളാണ്.

കെട്ടിക്കിടക്കുന്ന ശുദ്ധജലത്തിലും മലിനജലത്തിലും മുട്ടയിട്ടു വളരുന്ന കൊതുകുകൾ ഡെങ്കിപ്പനി, ചിക്കൻഗുനിയ, മലേറിയ (മലമ്പനി) തുടങ്ങിയ മാരകമായ രോഗങ്ങളാണ് സമൂഹത്തിൽ പടർന്നുപിടിക്കാൻ ഇടയാക്കുന്നത്. പലപ്പോഴും പനിയും ശരീരവേദനയുമായി തുടങ്ങി, കൃത്യമായ ചികിത്സ ലഭിച്ചില്ലെങ്കിൽ ജീവനുതന്നെ അപകടമായ രീതിലേക്ക് ഈ രോഗങ്ങൾ മാറാറുണ്ട്. പ്രധാന കൊതുകുജന്യ രോഗങ്ങളും ലക്ഷണങ്ങളും നോക്കാം:

**കൊതുകുജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിൽ സർക്കാരിനും ആരോഗ്യവകുപ്പിനും ഒപ്പം ഓരോ പൗരനും തുല്യ പങ്കാണുള്ളത്. 'എന്റെ വീടും പരിസരവും ഞാൻ വൃത്തിയായി സൂക്ഷിക്കും' എന്ന വ്യക്തിപരമായ പ്രതിജ്ഞയിലൂടെ മാത്രമെ കൊതുകുകളുടെ വംശവർധനവിന് തടയാൻ സാധിക്കൂ. ജാഗ്രതയും കൃത്യമായ മുൻകരുതലുകളും ശീലമാക്കിയാൽ രോഗഭയമില്ലാതെ, സുരക്ഷിതമായി മഴക്കാലത്തെ നമുക്ക് വരവേൽക്കാം. ശുചിത്വമുള്ള പരിസരവും ആരോഗ്യവുമുള്ള സമൂഹവുമായിരിക്കണം നമ്മുടെ ലക്ഷ്യം**

**1) ഡെങ്കിപ്പനി**
(Dengue Fever)

ഈഡിസ് ഈജിപ്റ്റി (Aedes aegypti) ഇനത്തിൽപ്പെട്ട പെൺ കൊതുകുകൾ പരത്തുന്ന ഒരു വൈറസ് രോഗമാണ് ഡെങ്കിപ്പനി. ശുദ്ധജലത്തിൽ വളരുന്ന ഈ കൊതുകുകൾ സാധാരണയായി പകൽ സമയത്താണ് മനുഷ്യരെ കടിക്കുന്നത്. കൃത്യസമയത്ത് ചികിത്സിച്ചില്ലെങ്കിൽ ഇത് മാരകമാകാൻ സാധ്യതയുള്ള ഒരു രോഗമാണ്.

കടുത്ത പനിയോടൊപ്പം കണ്ണുകൾക്ക് പിന്നിലെ വേദന ഡെങ്കിപ്പനിയുടെ ഒരു പ്രധാന ലക്ഷണമാണ്. അസഹനീയമായ തലവേദനയും എല്ലും പേശികളും ഒടിയുന്നതുപോലെയുള്ള കടുത്ത വേദനയും ഉണ്ടാകുന്നു. പനി വന്ന് കുറച്ചു ദിവസങ്ങൾക്ക് ശേഷം ശരീരത്തിൽ ചുവന്ന തടിപ്പുകൾ പ്രത്യക്ഷപ്പെടാം. രോഗം മൂർച്ഛിക്കുമ്പോൾ പ്ലേറ്റ്ലെറ്റുകളുടെ എണ്ണം വേഗത്തിൽ കുറയാൻ സാധ്യതയുണ്ട്.

തുടർച്ചയായ ഛർദിയും കടുത്ത വയറുവേദനയും വായിൽനിന്നോ മൂക്കിൽനിന്നോ പല്ലിന്റെ ഇടയി ൽനിന്നോ ഉള്ള രക്തസ്രാവം, മലമൂത്രവിസർജനത്തിലൂടെ രക്തം പോവുക, അമിതമായ തളർച്ച, ശ്വാസം മുട്ടൽ, ബോധക്ഷയം, ശരീരത്തിൽ ചുവന്ന പാടുകൾ കാണപ്പെടുക എന്നീ ലക്ഷണങ്ങൾ കണ്ടാൽ ഒട്ടും വൈകാതെ രോഗിയെ ആശുപത്രിയിൽ എത്തിക്കണം.

**2) ചിക്കൻഗുനിയ**
(Chikungunya)

ഡെങ്കിപ്പനി പകർത്തുന്ന കൊതുകുകളാണ് ഈ രോഗവും പടർത്തുന്നത്. കിമകോണ്ടെ എന്ന ആഫ്രിക്കൻ ഭാഷയിൽ Chikungunya എന്ന പദത്തിന്റെ അർഥം 'വളഞ്ഞു പോകുന്നത്,' 'കൂനിപ്പോകുന്നത്' എന്നാണ്. കടുത്ത സന്ധിവേദനമൂലം രോഗി കുനിഞ്ഞുപോകുന്നതിനാലാണ് ഈ രോഗത്തിന് ഈ പേര് ലഭിച്ചത്.



പെട്ടെന്നുണ്ടാകുന്ന ശക്തമായ പനി രോഗത്തിന്റെ ആദ്യ ലക്ഷണമാണ്. കൈത്തണ്ട, കണങ്കാൽ, വിരലുകൾ തുടങ്ങിയ സന്ധികളിലാണ് പ്രധാനമായും അസഹനീയ വേദന അനുഭവപ്പെടുന്നത്. പനിയും മറ്റു ലക്ഷണങ്ങളും ഒരാഴ്ച്ചയ്ക്കുള്ളിൽ മാറാറുണ്ടെങ്കിലു ഇതിന്റെ സന്ധിവേദന മാസങ്ങളോളമോ ചിലപ്പോൾ വർഷങ്ങളോളമോ വിട്ടുമാറാതെ നിൽക്കാനിടയുണ്ട്.

**3) മലേറിയ (മലമ്പനി)**

അനോഫിലിസ് (Anopheles)വിഭാഗത്തിൽപ്പെട്ട പെൺകൊതുകുകൾ പരത്തുന്ന ഒരു മാരകമായ പകർച്ചവ്യാധിയാണ് മലേറിയ അഥവാ മലമ്പനി. ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ, നിർമാണ മേഖലകൾ, വലിയ ഹാർബറുകൾ/തീരദേശ പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് മലേറിയ കേ

സുകൾ കൂടുതലായി കണ്ടുവരുന്നത്.

മലേറിയയുടെ ലക്ഷണങ്ങൾ കൃത്യമായ ഇടവേളകളിൽ ആവർത്തിച്ചു വരാറുണ്ട്. വിറയലോടുകൂടിയ കടുത്ത പനി വരും. പെട്ടെന്ന് കടുത്ത തണുപ്പും വിറയലും അനുഭവപ്പെടും. തുടർന്ന് പനി 103°F - 105°F വരെ ഉയരുകയും ചെയ്യും. പനി കുറയുന്ന സമയത്ത് ശരീരം നന്നായി വിയർക്കുകയും രോഗിക്ക് കടുത്ത തളർച്ച അനുഭവപ്പെടുകയും ചെയ്യും. രോഗാണുക്കൾ ചുവന്ന രക്താണുക്കളെ നശിപ്പിക്കുന്നതിനാൽ ശരീരത്തിൽ രക്തക്കുറവ് ഉണ്ടാകാം.

**പൊതുവായ പ്രതിരോധ മാർഗങ്ങൾ**

കൊതുകുജന്യ രോഗങ്ങളെ തടയാനുള്ള വഴി 'കൊതുകുകളുടെ വംശവർധനവ് തടയുക,' 'കൊതുകുകടി ഏൽക്കാതെ നോക്കുക' എന്നിവയാണ്.

*1. കൊതുകിന്റെ ഉറവിട നശീകരണം (Source Reduction)*

ഡ്രൈ ഡേ (Dry Day): ആഴ്ചയിലൊരിക്കൽ വീടും പരിസരവും പരിശോധിച്ച് വെള്ളം കെട്ടിക്കിടക്കുന്ന സാഹചര്യങ്ങൾ പൂർണമായും ഒഴിവാക്കുക.

വെള്ളക്കെട്ടുകൾ ഇല്ലാതാക്കുക: വീടിന്റെ പരിസരത്തുള്ള ചിരട്ടകൾ, പ്ലാസ്റ്റിക് കപ്പുകൾ, പഴയ ടയറുകൾ, പൊട്ടിയ പാത്രങ്ങൾ എന്നിവ കമഴ്ത്തി വെക്കുകയോ നശിപ്പിച്ചുകളയുകയോ ചെയ്യുക.

സംഭരണികൾ മൂടിവെക്കുക: കുടിവെള്ള ടാങ്കുകൾ, ബക്കറ്റുകൾ, മറ്റു ജലസംഭരണികൾ എന്നിവ എയർ-ടൈറ്റ് മൂടികൾ ഉപയോഗിച്ച് എപ്പോഴും അടച്ചുസൂക്ഷിക്കുക.

ശ്രദ്ധിക്കപ്പെടാത്ത ഇടങ്ങൾ: ഫ്രിഡ്ജിന്റെ പുറകിലെ ട്രേ, മണിപ്ലാന്റ് വളർത്തുന്ന പാത്രങ്ങൾ, ചെടിച്ചട്ടികളുടെ അടിയിലെ പ്ലേറ്റുകൾ എന്നിവയിലെ വെള്ളം ആഴ്ചയിലൊരിക്കൽ മാറ്റി വൃത്തിയാക്കുക.

*2. വ്യക്തിഗത മുൻകരുതലുകൾ*

കൊതുകുവലകൾ ഉപയോഗിക്കുക: രാത്രിയിലും പകലും ഉറങ്ങുമ്പോൾ കൊതുകുവലകൾ ഉപയോ ഗിക്കുക (ഡെങ്കിപ്പനി പരത്തുന്ന കൊതുകുകൾ പകലാണ് കടിക്കുന്നത്).

ശരീരം മൂടുന്ന വസ്ത്രങ്ങൾ: കൈകളും കാലുകളും പൂർണമായി മൂടുന്ന വസ്ത്രങ്ങൾ ധരിക്കുക. വീടിന്റെ ജനലുകളിലും വാതിലുകളിലും കൊതുക് കടക്കാത്തവിധം നെറ്റുകൾ സ്ഥാപിക്കുക.

*3. ജൈവിക-രാസമാർഗങ്ങൾ*

കിണറുകളിലും വലിയ അലങ്കാര കുളങ്ങളിലും കൊതുകുലാർവകളെ തിന്നുതീർക്കുന്ന ഗപ്പി, ഗംബൂസിയ തുടങ്ങിയ മത്സ്യങ്ങളെ വളർത്തുക.

**പൊതുവായ ചികിത്സാരീതികൾ**

ഡെങ്കിപ്പനി, ചിക്കൻഗുനിയ തുടങ്ങിയ ഒട്ടുമിക്ക വൈറസ് കൊതുകുജന്യ രോഗങ്ങൾക്കും പ്രത്യേക ആന്റിവൈറൽ മരുന്നുകൾ ലഭ്യമല്ല. ലക്ഷണങ്ങളെ ലഘൂകരിക്കാനുള്ള ചികിത്സയാണ് പൊതുവെ നൽകുന്നത്. മലേറിയയ്ക്ക് കൃത്യമായ ആന്റി-മലേറിയൽ മരുന്നുകൾ (Anti-malarial drugs) ലഭ്യമാണ്

പൂർണ വിശ്രമം, ധാരാളം ദ്രവരൂപത്തിലുള്ള ആഹാരം എന്നിവ ഉറപ്പുവരുത്തുക. നിർജലീകരണം തടയാൻ തിളപ്പിച്ചാറ്റിയ വെള്ളം, ORS ലായനി, കഞ്ഞിവെള്ളം, ഇളനീർ, പഴച്ചാറുകൾ എന്നിവ ധാരാളം കുടിക്കണം.

പനിയും ശരീരവേദനയും കുറയ്ക്കാൻ ഡോക്ടറുടെ കൃത്യമായ നിർദേശമില്ലാതെ ചില വേദനസംഹാരികൾ ഒരിക്കലും കഴിക്കരുത്. ഡെങ്കിപ്പനി പോലുള്ള സാഹചര്യങ്ങളിൽ ഇവ ആന്തരിക രക്തസ്രാവത്തിന് കാരണമായേക്കാം.

കൊതുകുജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിൽ സർക്കാരിനും ആരോഗ്യവകുപ്പിനും ഒപ്പം ഓരോ പൗരനും തുല്യ പങ്കാണുള്ളത്. 'എന്റെ വീടും പരിസരവും ഞാൻ വൃത്തിയായി സൂക്ഷിക്കും' എന്ന വ്യക്തിപരമായ പ്രതിജ്ഞയിലൂടെ മാത്രമെ കൊതുകുകളുടെ വംശവർധനവിന് തടയാൻ സാധിക്കൂ. ജാഗ്രതയും കൃത്യമായ മുൻകരുതലുകളും ശീലമാക്കിയാൽ രോഗഭയമില്ലാതെ, സുരക്ഷിതമായി മഴക്കാലത്തെ നമുക്ക് വരവേൽക്കാം. ശുചിത്വമുള്ള പരിസരവും ആരോഗ്യവുമുള്ള സമൂഹവുമായിരിക്കണം നമ്മുടെ ലക്ഷ്യം ■



# അരങ്ങു വാഴുന്ന ക്രൂരതകൾ!

## നസീമ വാടാനപ്പള്ളി

'ദൈവത്തിന്റെ സ്വന്തം നാടെ'ന്ന ഓമനപ്പേര് കൊച്ചുകേരളത്തിനു കിട്ടിയത് പ്രകൃതി സൗന്ദര്യം കൊണ്ടു മാത്രമല്ല, വ്യത്യസ്ത മതക്കാർ സമാധാനത്തോടെ, ഒത്തൊരുമയോടെ ജീവിക്കുന്ന ഇടം ആയതു കൊണ്ട് കൂടിയാണ്.

എന്നാൽ ഇന്ന് കഥയാകെ മാറിയിരിക്കുന്നു. തെളിഞ്ഞ വെള്ളം കലങ്ങിയിരിക്കുന്നു. മനഃപൂർവം കലക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുമുണ്ട്. വർഗീയ ചേരിതിരിവും ആൾക്കൂട്ട കൊലപാതകവും കാണാൻ ഉത്തരേന്ത്യയിലേക്കു നോക്കേണ്ടതില്ല, സ്വന്തം നാട്ടിലേക്കു നോക്കിയാൽ മതി എന്ന അവസ്ഥ സംജാതമായിക്കൊണ്ടിരിക്കുകയാണ്. ലഹരി മാഫിയകൾ നിറഞ്ഞാടുകയാണ്. സ്കൂൾ കുട്ടികളും യുവാക്കളും യുവതികളുമൊക്കെ ലഹരിക്കു പിന്നാലെ പായുകയാണ്. (വരുംതലമുറയെത്തന്നെ നശിപ്പിക്കാനുള്ള ലഹരി മാഫിയകളുടെ ശ്രമത്തെ അടിച്ചമർത്താൻ കേരളത്തിലെ പുതിയ സർക്കാർ തീവ്രശ്രമം തുടങ്ങിയത് ശ്ലാഘനീയമാണ്).

അതിക്രൂരമായ കൊലപാതകങ്ങളും ആത്മഹത്യകളും പെരുകുകയാണ്. സമാധാനകാംക്ഷികളുടെ, മനുഷ്യത്വം മരവിക്കാത്തവരുടെ ഹൃദയം നടുങ്ങുന്ന ക്രൂരതയുടെ വാർത്തകളാണ് ഓരോ ദിവസവും കേട്ടുകൊണ്ടിരിക്കുന്നത്.

'തള്ള ചവിട്ടിയാൽ പിള്ളക്ക് കേടില്ല' എന്ന പഴമൊഴിയിലെ മാതൃത്വത്തിന്റെ വിശ്വാസ്യത പോലും ഇന്ന് ചോദ്യചിഹ്നമായിരിക്കുന്നു. കഴിഞ്ഞ ഒന്നു രണ്ടു വർഷത്തിനുള്ളിൽ അമ്മയും കാമുകനും/ അമ്മയും രണ്ടാനച്ഛനും ചേർന്ന് നടത്തിയ ബാലകൊലപാതകങ്ങൾ എത്രയാണ്!

നൈമിഷിക സുഖത്തിനായി സ്വന്തം വയറ്റിൽ ഉരുവംകൊണ്ട പിഞ്ചുകുഞ്ഞിനെ നിഷ്കരുണം കൊന്നുതള്ളുന്ന മാതാവിനെ/പിതാവിനെ എങ്ങനെ മനുഷ്യഗണത്തിൽ ഉൾപ്പെടുത്തും? മാതൃത്വത്തിന്റെ വിശ്വാസ്യതയാണ് തകരുന്നത്. പൊതുവെ ഏതു ബന്ധത്തിലും ഇന്ന് വിശ്വാസ്യത ചോർന്നുപോയിക്കൊണ്ടിരിക്കുകയാണെങ്കിലും മാതൃത്വത്തിലെ ഈ കളങ്കം ഏറെ ഭയാനകവും പൈശാചികവുമാണ്. അവിഹിത ബന്ധത്തിലൂടെ പിറന്ന കുഞ്ഞിനെ ആശുപത്രിയിലെ ശുചിമുറിയുടെ ജനലിലൂടെ പുറത്തേക്കിട്ടത് പത്തൊൻപതുകാരിയായ മാതാവാണ്. നെടുമങ്ങാട് നടന്ന ഒന്നരവയസ്സായ കുഞ്ഞിന്റെ കൊലപാതകവും ഏറെ ഞെട്ടലുണ്ടാക്കിയതാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പ് നടന്ന സംഭവങ്ങളാണിവ. ഇതിനെ മൃഗീയത എന്നു വിശേഷിപ്പിക്കാൻ കഴിയില്ല. കാരണം ഒരു മൃഗവും സ്വന്തം കുഞ്ഞിനെ സംരക്ഷിക്കാനല്ലാതെ കൊല്ലാനൊരുങ്ങാറില്ല. പുഴയിലെ ഒഴുക്കിൽ പെട്ട കുട്ടിയാനയെ അതിന്റെ അമ്മ അതിസാഹസികമായി രക്ഷിച്ച് കരയിലെത്തിക്കുന്ന വീഡിയോ കണ്ടപ്പോൾ കണ്ണുകൾ നിറഞ്ഞത് മനുഷ്യരായ ചില അമ്മമാരുടെ ക്രൂരതകൾ അന്നേരം ഓർമയിൽ വന്നതു കൊണ്ടാണ്. പവിത്രമായ മാതൃത്വത്തിനും സ്ത്രീത്വത്തിനും ഇന്ന് ഏറെ വെല്ലുവിളി നേരിടേണ്ടിവരുന്നത് സ്ത്രീകളിൽനിന്നു തന്നെയാണ് എന്നത് പറയാതിരിക്കാൻ വയ്യ!

കുറെ നിയമങ്ങൾ ഉണ്ടായതു കൊണ്ട് മാത്രം മനുഷ്യൻ നന്നാവുകയില്ല. നീതി നടപ്പിലാക്കാനുള്ള ഇച്ഛാശക്തി കാണിക്കുന്ന ഭരണാധികാരികളും നീതിപീഠവും വേണം. പണത്തിന്റെയും അധികാരത്തിന്റെയും പിൻബലത്തിൽ ഏതു നിയമക്കുരുക്കിൽ നിന്നും രക്ഷപ്പെടാമെന്ന അവസ്ഥ മാറുകതന്നെ വേണം.

മനുഷ്യൻ നന്നാവണമെങ്കിൽ അവൻ തന്റെ അസ്തിത്വത്തെ തിരിച്ചറിയണം. അപ്പോൾ സ്വാഭാവികമായും സൃഷ്ടിച്ചവനിലേക്ക് അവൻ മടങ്ങും. ഒന്നുമല്ലാതിരുന്ന അവസ്ഥയിൽനിന്നും തന്നെ സൃഷ്ടിച്ചു പരിപാലിക്കുന്ന സ്രഷ്ടാവിനെ തിരിച്ചറിയുന്നതോടെ മനുഷ്യൻ മനുഷ്യനാകും. തെറ്റുകളിൽനിന്നും അവൻ ബഹുദൂരം അകലും.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 13 June 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-

# മദ്റസ ലൈബ്രറികൾക്ക്

## വിസ്ഡം ബുക്സിന്റെ വമ്പിച്ച ഓഫർ

മദ്റസ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ
വിസ്ഡം ബുക്സ് പ്രസിദ്ധീകരിച്ച

**4090**
രൂപ വരുന്ന
**35**
പുസ്തകങ്ങൾ

**2500**
**രൂപക്ക്**

വിസ്ഡം മദ്റസ ലൈബ്രറികൾക്ക്
**ഓഫറിൽ നൽകുന്നു**

ഈ സുവർണ്ണാവസരം പരമാവധി ഉപയോഗപ്പെടുത്തുക.

WISDOM BOOKS

7356766478